260044

A 1354

# പൂരം കാണാൻ

ഗ്രന്ഥകർത്താ

ഭരതൻ, എരനെല്ലൂർ.

A.1354

260044

# പൂരംകാണാൻ

ഭരതൻ എരനെല്ലൂർ.

# പൂരംകാണാൻ

GUPTA PUBLIC LIBRARY
Date..................
PUTHIYA

ഗ്രന്ഥകർത്താ:

**ഭരതൻ എരനെല്ലൂർ.**

വിശ്വഭാരതി പ്രസ്സ് ആൻറ് ബുക്ക് ഡിപ്പൊ,

തൃശ്ശിവപേരൂർ.

**1124**

[ഒന്നാം പതിപ്പ് കോപ്പി 1000]

വില ആറണ

894.83
BHA

# രണ്ടു വാക്ക്.

മുൻഷി പ്രേമചന്ദിൻെറ 'ഈദ്ഗാഹ്' എന്ന ചെറുകഥയാണിതിന്നവലംബം.

ഒരു മലയാളിക്കു രുചിക്കത്തക്ക വിധത്തിൽ അതിലെ അല്പംചില ഭാഗങ്ങൾ ഇതിൽ വിട്ടു കളഞ്ഞിട്ടുണ്ട്; ഒട്ടധികം ഭാഗങ്ങൾ ഇണക്കിച്ചേൎത്തിട്ടുണ്ട്; ചിലതിന്നു രൂപാന്തരവും കൊടുത്തുകാണും.

അങ്ങനെ അതിൻെറ മട്ടും മാതിരിയും മാററി ഒരു പുതിയ ഉരുപ്പടിയാക്കി ഇതാ ഈ ചെറുകഥയെ പുറത്തിറക്കുന്നു.

എരനെല്ലൂർ,
8—9—'24.

എന്ന്,
ഗ്രന്ഥകൎത്താ.

# പൂരംകാണാൻ

വിഷുകഴിഞ്ഞു. കൊടുംവേനലിൽ കത്തിക്കരിഞ്ഞ കുറച്ചു ദിവസങ്ങൾകൂടി കടന്നുപോയി. കാത്തുകാത്ത് കണ്ണു കടഞ്ഞതിനുശേഷം അതാ പൂരവും വന്നെത്തി. ആ വിഭാതത്തിനെന്തൊരു സൌഭാഗ്യമാണ്! ആ സൌഭാഗ്യത്തിനെന്തൊരു സുഗന്ധമാണ്! ആ സുഗന്ധത്തിനെന്തൊരു മാർദ്ദവമാണ്! എല്ലാററിനുമുണ്ട് ഒരസാധാരണത്വം. നീണ്ടുനിവന്നു നഗ്നമായിക്കിടക്കുന്ന പാടങ്ങൾ മാനത്തിൻെറ കാല്ക്കൽ തലചാച്ച് നീരും നീലിമയും യാചിക്കുന്നു. തലപൊക്കി നില്ക്കുന്ന മലനിരകൾ കണിക്കൊന്നകളുടെ നെററിപ്പട്ടമണിഞ്ഞു നിരന്നു നില്ക്കുന്നു. ഉദിച്ചുയരുന്ന സൂൎയ്യനെയൊന്നു നോക്കു. ആ ഇളംചെങ്കതിരുകൾ നീട്ടി എന്തൊരു വാത്സല്യത്തോടെയാണ് അദ്ദേഹം നമ്മെത്തലോടുന്നത്! കരടില്ലാതെ കടന്നു വരുന്ന ഇളങ്കാററ്. അതു നമ്മുടെ ദേഹമാസകലം സെൻറ് പൂശിപ്പോകുന്നു. നാട്ടിൻപുറങ്ങളിലെന്തൊരു ബഹളമാണ്! പൂരത്തിന്നു പുറപ്പെടാനുള്ള ഒരുക്കം കൂട്ടലാണെല്ലായിടത്തും. ഒരുത്തൻ കുപ്പായമെടുത്തു തപ്പിനോക്കി; കുടുക്കില്ല. അവൻ അയൽവീട്ടിലേക്കു സൂചിക്കുടുക്കിന്നോടുകയാണ്. ഒരുത്തൻ ചെരിപ്പെടുത്തു നോക്കി. വാറുകൾ വിട്ടിരിക്കുന്നു. അവൻ കൊല്ലൻെറ പുരക്കലേക്കു പായുകയാണ്. മൂരികൾക്കു വെള്ളം കാട്ടുന്നതൊന്നു വേഗമാവട്ടേ. പൂരംകഴിഞ്ഞെത്തുമ്പോഴേക്കും നട്ടുച്ചയാകും. അഞ്ചാറുനാ

ഴിക നടക്കണം. പരിചയക്കാരെക്കണ്ടാൽ പലതും പറ
യാനുണ്ടാവും. അതെല്ലാം കഴിഞ്ഞു ഉച്ചക്കുമുമ്പ് വീട്ടി
ലെത്തുക സാദ്ധ്യമല്ല. കുട്ടികളുടെ ഹൃദയത്തിൽ ആഹ്ലാ
ദം അടങ്ങിനില്ക്കുന്നില്ല. അവർക്ക് ഉണ്ണാൻതന്നെ ഇട
യില്ല. ഊണും ഉറക്കവുമെല്ലാം വയസ്സന്മാർക്കാണ്. അ
വർക്ക് പൂരം കാണാനത്ര ആശയൊന്നുമില്ല. പലഹാരം
തിന്നാനവർക്കത്ര കൊതിയൊന്നുമില്ല. അതെല്ലാം കുട്ടി
കൾക്കുള്ളതാണ്. എത്ര നാളായി അവർ ഇതുതന്നെ
ഉരുവിട്ടുകൊണ്ടിരിക്കുന്നു! എത്ര രാത്രികളായി അവർ
ആനയും ആലവാരങ്ങളുമെല്ലാം സ്വപ്നം കാണുന്നു. കൂ
ററൻ കൂററനാനകൾ. പൂതംകെട്ടി നില്ക്കുന്ന കരിമ്പന
കൾ. മത്താപ്പു കത്തിക്കുന്ന വെള്ളി നക്ഷത്രങ്ങൾ. ഇ
ന്നിതാ അതുവന്നെത്തിക്കഴിഞ്ഞു. എന്താണപ്പാ ആളുക
ളുടെ പുറപ്പാടാകാത്തത്! ഇവരെല്ലാം പറഞ്ഞു കയററി
അവസാനം ചതിക്കാനാണോ ഭാവം? പത്തുമണിവ
രെ ആരും പുറപ്പെട്ടു കണ്ടില്ലെങ്കിൽ ഞാനൊററയ്ക്കങ്ങു
നടക്കും. അമ്മ തടുത്താലും വേണ്ടില്ല, അച്ഛൻ തടുത്താ
ലും വേണ്ടില്ല, ഞാനതൊന്നും കൂട്ടാക്കില്ല. നാളെ വ
ന്നാൽ രണ്ടുകിട്ടും. കിട്ടിക്കോട്ടേ. പൂരം കണ്ടുകഴിഞ്ഞി
ട്ടല്ലേ? അവർക്കതിനൊന്നും തരമാകുന്നില്ല. അതുകൊ
ണ്ടുള്ള കുശുമ്പാണ്. കാശില്ലാതെ ഞാനെങ്ങനെ പോ
കുമെന്നായിരിക്കും വിചാരം. എനിക്കു കാശൊന്നും
വേണ്ട. ഒരു വിളിപ്പാടുവഴി നടന്നെത്താനോ! വഴിയ
റിയില്ലെങ്കിലെന്താ? വായില് നാവില്ലേ? റോട്ടിൽ
കയറിയാൽ എത്രയാളുകൾ പോകുന്നുണ്ടാകും! അവരു
ടെ നിഴലും ചവിട്ടിപ്പോയാൽ പോരേ? എനിക്കത്ര

പേടിയൊന്നുമില്ല. ഇവരെന്തിനാ അതുമിതുമൊക്കെ അന്വേഷിക്കാൻ പോകുന്നെ? അത്താഴത്തിന്നരിവാങ്ങാൻ കാശില്ല അല്ലേ? ഇല്ലെങ്കിൽ വേണ്ട. അതെല്ലാം അത്താഴം കഴിക്കേണ്ടവർ നോക്കിക്കൊള്ളില്ലേ? ഉപ്പും മുളകും ഒരു നേരമില്ലെങ്കിലൊന്നും അവർ ചത്തുപോവില്ല. എന്നാലങ്ങോട്ടു ചത്തുപോകട്ടെ. അവരെന്തെങ്കിലും കുടിച്ചു നാളെയാക്കില്ലേ? അച്ഛനെന്താ ഈ നേരത്തു് കളത്തിൽ തമ്പുരാൻെറ ബങ്കളാവില്? കാടിളകുമ്പോഴാ നായക്കു പറമ്പന്വേഷിക്കല്! പണത്തിനാണോ ഇത്ര വിഷമം? അവരുടെ കുപ്പായക്കീശയിൽ പണമങ്ങനെ കുന്നുകുന്നായിക്കിടക്കുകയാണ്. അവരതു ഇടയ്ക്കിടയ്ക്കു പോക്കററിൽ നിന്നെടുത്തെണ്ണി നോക്കും. വീണ്ടും അതിൽതന്നെ ഇടും. കുട്ടൻ എണ്ണുകയാണ്— ഒന്ന്, രണ്ടു്, പത്തു്, പന്ത്രണ്ടു്. അവൻെറ പക്കൽ പന്ത്രണ്ടണയുണ്ടു്. വാസുവിൻെറ പക്കൽ ഒന്നു്, മൂന്ന്, അഞ്ചു്, ആറു്, പത്തണയുണ്ടു്. ഈ കയ്യും കണക്കുമില്ലാത്ത പണംകൊണ്ടു് അവക്കെന്തെല്ലാം വാങ്ങണം. പന്തു്, മിട്ടായി, ബലൂൺ, കടലപ്പൊരി, കോട്ടിക്കായ; എൻെറപ്പാ! എന്തെല്ലാം സാധനങ്ങൾ വാങ്ങണം!

എല്ലാററിലുമധികമാഹ്ലാദം ബാലനാണ്. ദാരിദ്ര്യം പിടിച്ചു ചടച്ചുമെലിഞ്ഞു ആറേഴു വയസ്സുള്ള ഒരു ചെറുക്കൻ. അവൻെറ അച്ഛൻ കഴിഞ്ഞ കൊല്ലമാണ് മരിച്ചുപോയതു്. അയാൾക്കു് ആ വണ്ടിക്കടിയിൽപെട്ടു എല്ലുനുറുങ്ങി മരിക്കാനാണ് യോഗം. അതിനുശേഷം അമ്മയെന്താണാവോ വിളത്തുവിളത്തു വന്നിരുന്നു. ആ കഴിഞ്ഞ കക്കടസ്സങ്കറാന്തിക്കു അവരും അവസാനമാ

യിക്കണ്ണെടച്ചു. എന്തായിരുന്നു സുഖക്കേടെന്നു ഒരാൾക്കംതന്നെ അറിവുണ്ടായിരുന്നില്ല. അഥവാ അവർ സുഖക്കേടിനെപ്പററിപ്പറഞ്ഞാൽതന്നെ ആരുകേൾക്കാനാണ്? ഉള്ളിലുണ്ടായിരുന്ന വിങ്ങൽ ഉള്ളിൽതന്നെയൊതുക്കിപ്പോന്നു. അവസാനം പൊറുക്കാൻ കഴിയാതായതോടെ അവരുടെ ജീവൻ കൂടുവിട്ടു പറന്നുപോയി. അതിനുശേഷം ബാലൻ അവൻെറ മുത്തശ്ശിയുടെ മടിത്തട്ടിൽ വളൎന്നുവരികയാണ്. അവനു യാതൊരല്ലലുമില്ല. അവൻെറ അച്ഛൻ സമ്പാദിക്കാൻ പോയിരിക്കയാണ്. എടുക്കാൻ വയ്യാത്ത പണസ്സഞ്ചിയും ചുമന്നു ഒരു ദിവസം അച്ഛൻ വരും. അവൻ അതു കാത്തിരിക്കയാണ്. അമ്മ മാനത്തേക്കു പണിയാൻ പോയിരിക്കുന്നു. അവരവന്നു് നല്ലനല്ല സാധനങ്ങൾ കൊണ്ടുവരും. അന്നവൻെറ അരയിലെ ചരടുപോയി വെള്ളിനൂലാവും. കാതിലൊരു വെള്ളക്കടുക്കൻ മിന്നിത്തുടങ്ങും. അവനന്നു കുപ്പായമിട്ടു് കുട്ടനെപ്പോലെ നടക്കും. അവനങ്ങനെ പല പ്രത്യാശകളോടുംകൂടിയിരിക്കയാണ്.

ആശ! അതു വല്ലാത്തൊരു സാധനമാണ്. പ്രത്യേകിച്ചും കുട്ടികളുടേതു്. അവർ സങ്കല്പത്തിൽ കടുകമണികൊണ്ടു മഹാമേരു സൃഷ്ടിക്കും. ബാലനിടാൻ കുപ്പായമില്ല. മുത്തശ്ശിയുടെ നെടുവീൎപ്പിൻെറ ചൂടിൽ അവൻ രാത്രി തണുപ്പറിയാറില്ല. അവനൊരു മുണ്ടുമാത്രമേ ഉള്ളു. അതവൻ കാരമിട്ടു തിരുമ്മിത്തിരുമ്മി ഒരുവിധം വെളുപ്പിച്ചിട്ടുണ്ടു്. അവനതുമതി. അവൻെറ സന്തോഷത്തിനു യാതൊരു കുറവുമില്ല. അവൻെറ അച്ഛൻ പണക്കിഴിയും അമ്മ നല്ലനല്ല സാധനങ്ങളും കൊ

ണ്ടുവരും. അന്നവന്റെ ആശകളെല്ലാം നിറവേററാമല്ലോ. അന്നു കുട്ടനും അപ്പുവിനും വാസുവിനും രാഘവനുമെല്ലാം എവിടെ നിന്നാണിത്രയധികം പണം കിട്ടുകയെന്നറിയാമല്ലോ. ഭാഗ്യംകെട്ട മുത്തശ്ശി അകത്തിരുന്നു രാവും പകലും തേങ്ങിക്കൊണ്ടിരിക്കും. അവക്ക് ജീവിക്കുന്നതിലും മരിക്കുന്നതിലും ഒരുപോലെയാണ് വേദന. അല്ല, അവക്കു മരിക്കുകയാണ് ഭേദം. പക്ഷെ, പിന്നെയാരാണ് ബാലന്നു താങ്ങും തണലും? അവരുള്ളപ്പോഴുംതന്നെ അവനെന്തെല്ലാം കഷ്ടതകളനുഭവിക്കുന്നുണ്ട്. അവർ ജീവിച്ചിരുന്നാലോ? ഈ ഇല്ലായ്മയിൽ അവരെങ്ങനെ അവനെ പോററി വളത്തും? അന്നു പൂരമാണ്. അവന്റെ ചങ്ങാതികളെല്ലാം അണിഞ്ഞൊരുങ്ങിപ്പുറപ്പെട്ടു കഴിഞ്ഞു. അതവനെങ്ങനെ കണ്ടുകൊണ്ടുനില്ക്കും? അവന്നും പൂരം കാണണമെന്നുണ്ടാവില്ലേ? അവരെയെല്ലാം കൊണ്ടുപോവാൻ അവക്കച്ഛന്മാരുണ്ട്; അമ്മാമന്മാരുണ്ട്. അവക്കു വയറു വിശന്നാൽ വല്ലതും വാങ്ങിക്കൊടുക്കാൻ അവരുണ്ട്. ഈത്തപ്പഴം, കടലപ്പൊരി, അലുവ, എന്തെല്ലാമുണ്ടാവും പൂരപ്പറമ്പിൽ. അവക്കൊന്നു കൈ നീട്ടുകയേ വേണ്ടു. നിറയെ വാങ്ങിക്കൊടുക്കാനാളുക്കാരുണ്ട്. ഇവനോ, ആരാണുള്ളത്? നീട്ടിയ കൈ പിന്നാക്കം തന്നെ വലിക്കേണ്ടിവരും. ഞാനെന്തുറപ്പിച്ചാണവനെപ്പറഞ്ഞയക്കുക? വല്ല ഇടത്തും കൂട്ടംതെററിപ്പോയാലോ? പടു വികൃതിയാണ്. വികൃതിത്തം അവന്റെ പക്കൽനിന്നു പോയതേ ഉള്ളു. പക്ഷെ ബാലന്ന് ആരുമരിച്ചാലെന്താ? ആരുജീവിച്ചാലെന്താ? അവന്റെ ഉള്ളിൽ പ്രകാശമേ ഉള്ളു. പുറമെ ആശയും.

എന്താപത്തുവന്നാലെന്താണ്? അവൻെറ ആഹ്ലാദമലയടിക്കുന്ന ഹൃദയം ഒരിക്കലും ദുഃഖത്തിലേക്കാണ്ടുപോവില്ല.

അവൻ അടുക്കളയിൽചെന്നു മുത്തശ്ശിയോടു ചോദിച്ചു:—

"മുത്തശ്ശി പേടിക്കേണ്ട. ഞാൻ എല്ലാവരിലും മുമ്പെത്തിക്കൊള്ളാം. ഒട്ടും പേടിക്കേണ്ട."

അവർ വിഷമിച്ചു. അയൽ വീട്ടിലെ കുട്ടികളെല്ലാം പുറപ്പെട്ടു നില്ക്കുകയാണ്. അവക്കെല്ലാം കൊണ്ടുപോകാനാളുകളുണ്ട്. ബാലനു മുത്തശ്ശിയല്ലാതെ മററാരാണുള്ളത്? അവനെ എങ്ങനെ ഒററക്കു പറഞ്ഞയക്കും? കൂട്ടത്തിലെങ്ങാനും കാണാതായാലത്തെക്കഥയെന്താ? അവർ ഒരിക്കലും ഒററക്കു മറെറാരിടത്തേക്കും അവനെ പറഞ്ഞയച്ചിട്ടില്ല. മുലകുടി വററാത്ത കുട്ടി. അഞ്ചാറു നാഴിക അവനെങ്ങനെ നടക്കും? ഈ നട്ടുച്ചക്ക് തീപ്പറക്കുന്ന വെയിലത്തു നടന്നാൽ കാലിന്മേൽ പൊള്ളപൊന്തില്ലേ? രണ്ടു നാഴിക വെറും വെളിമ്പറമ്പ്. വല്ല ചുഴലിക്കാററും പമ്പരം തിരിഞ്ഞുവന്നാൽ! അതിലെങ്ങാനും പെട്ടുപോയാൽ! അവരവനെ ഒക്കത്തു വെച്ചാണ് അയൽവീട്ടുകളിലേക്ക് കൊണ്ടുപോകാറ്. അഞ്ചാറുനാഴിക നടന്നാൽതന്നെ രാത്രിമുഴവനും വെറും വയറുമായി ആ പൂരപ്പറമ്പിൽതന്നെ കിടക്കേണ്ടിവരില്ലേ? നാലുകാശ് കൊടുത്തയക്കാമെങ്കിൽതന്നെ എവിടെയാണുള്ളത്? കടം ചോദിച്ചാൽതന്നെ ആരാണ് തരാൻ? ഉപ്പും മുളകും വാങ്ങിയ വകയിൽതന്നെ മക്കായിയ്ക്കു ഒരുപാടുകൊടുക്കാനുണ്ട്. പുറത്തിറങ്ങിയാൽ കടക്കാരെ

ല്ലാം മാന്തിത്തിന്നാനാണ് നില്ക്കുന്നതു്. മാതുവിൻെറ പതിനാറു കഴിഞ്ഞിട്ടു എട്ടൊമ്പതു മാസം കഴിഞ്ഞു. ഇനിയുമുണ്ടു്, അതിൽതന്നെ ഒരു ഇരുപതിൻെറ ചുമതല. ഈ ചുമടെല്ലാം ഒന്നിറക്കി ഒരു രാത്രിയെങ്കിലും ഒന്നു സുഖമായിക്കിടന്നുറങ്ങിയാൽ മതിയെന്നുണ്ടു്. അതൊക്കെപ്പറഞ്ഞിട്ടു എന്താണ് കാര്യം? ഇവനെ ഒന്നു പറഞ്ഞയക്കേണ്ടേ? അന്നു കുഞ്ഞാത്തലിന്നു തുണപോകാൻ തരമായതു ജന്മാന്തരം. മടക്കത്തിന്നു ഒരെട്ടണ അവക്കു കൊടുത്തു. അതവർ ആത്മാഭിമാനംപോലെ ഉടുതുണിയുടെ തുമ്പത്തുകെട്ടി നടക്കുകയാണ്. എല്ലാം വേണ്ടെന്നുവെക്കാം. എന്നാലും ബാലനെ ഒന്നരാടമെങ്കിലും ഒരു പൊത്തു വെളിച്ചെണ്ണ തേപ്പിക്കേണ്ടേ? കഴിച്ചു് അതിൽ മൂന്നരണ ബാക്കിയിരിപ്പുണ്ടു്. അതിൽ മൂന്നണ അവൻെറ മുണ്ടിൻെറ കോന്തലക്കു കെട്ടിക്കൊടുത്തു. അരയണ അവരൊക്കത്തും തിരുകി. അതുകൊണ്ടു വേണം അവക്കു അന്നത്തെ ചെലവിന്നു്. ഈശ്വരാ, രക്ഷ. വെളുത്തേടത്തി അലക്കിയതും കൊണ്ടുവരും. മുററമടിയുടെ ചെക്കൻ പൂരത്തിന്നു വല്ലതും ഒപ്പിച്ചു തരാൻ രണ്ടുമാസംമുമ്പു മുതല്ക്കുതന്നെ പിന്നിൽ കൂടിയിട്ടുണ്ടു്. ബാലൻെറ അച്ഛൻെറ വീട്ടിൽനിന്നു പൂരത്തിന്നു പോകുംവഴിക്കു വല്ലവരും കയറിവന്നാലോ! അതു കരുതിത്തന്നെയിരിക്കേണ്ടേ? അരയണകൊണ്ടവരെന്തെല്ലാം ചെയ്യും? വെളുത്തേടത്തിക്കു കൊടുത്തില്ലെങ്കിൽ കേമമായി. കീറിയതും പാറിയതുമായി നാലെണ്ണമേ ഉള്ളൂ. അതവരു തൊടീക്കില്ല. ആ ചെക്കനെ വല്ലതും കൊടുത്തിട്ടില്ലെങ്കിലോ? അതു അതിലേറെ വിഷമം.

എണീററവഴിക്ക് ചൂലും വെള്ളവുമായി നടക്കാം. എനിക്കാണെങ്കിൽ തീയൂതാൻതന്നെ വയ്യാതായി. അവരെല്ലാം വരുമ്പോൾ എന്തു പറഞ്ഞാണൊഴിഞ്ഞു മാറേണ്ടതു്? എന്തു പറഞ്ഞാലും ആരും വിശ്വസിക്കില്ല. എൻെറ ഈശ്വരാ! എന്തൊക്കെയാണ് ഞാൻ വേണ്ടതു്? ഞാനെങ്ങനെയെങ്കിലും കഴിഞ്ഞുകൊള്ളാം. എൻെറ മകനു അവിടന്നു തന്നെയാണേ താങ്ങും തണലും. ഇവിടെ വെക്കാനും കുടിക്കാനുമൊന്നുമില്ലെന്നുവച്ചു് നാളെയാവാതിരിക്കയൊന്നുമില്ല. ദിവസമങ്ങനെ നീങ്ങിക്കൊള്ളും.

ഓരോരുത്തരായി പുറപ്പാടായി. കുട്ടികളുടെ സെററിൽ ബാലനുമുണ്ടു്. ഇടയ്ക്കവൻ ഓടിച്ചെന്നു എല്ലാവരിലും മുമ്പെത്തും. കുറെയങ്ങനെ ഓടിയാൽ വല്ല മരത്തണലിലും ചെന്നിരിക്കും. അവൻ കൂട്ടുകാരെ ശപിച്ചു തുടങ്ങും. ഇവൎക്കെന്താണിത്ര അമാന്തം? കാലിന്മേൽ അമ്മികെട്ടിത്തൂക്കിയിട്ടിട്ടുണ്ടോ? എന്തിനാ ഇവരിത്ര വലിയ കാലിന്മേൽ നടക്കുന്നെ? കുട്ടികളുടെ കൂടെ നടന്നെത്തുന്നില്ലെങ്കിൽ ഇവൎക്കു വല്ല മുത്തിയെരുമകളേയും തീററാൻ നടന്നുകൂടെ? അവൻെറ കാലിന്മേൽ ചിറകുമുളച്ചിരിക്കുന്നു. അവൻെറ നാഡികളിൽ പെട്രോളാണ് കത്തുന്നതു്. അവൻെറ മടമ്പുകൾ റബ്ബർ കൊണ്ടാണ്. അവനെങ്ങനെ ക്ഷീണിക്കും? അവൻ വിമാനം പോലെ ഭൂമി തൊടാതെ പറക്കുകയാണ്.

മെയിൻറോട്ടിലെത്തി. റോഡരികിനു കരിങ്കൽച്ചില്ലുകൾ കൂടിക്കിടക്കുന്നുണ്ടു്. അതെല്ലാം വഴിപോക്കൎക്കു മാങ്ങയെറിയാനുള്ളതാണ്. അല്ലാതെന്തിന് ഈ മാ

വിൻഭചാട്ടിൽ ഇത്ര പാകത്തിന്ന ഉടച്ചുകൂട്ടിയിരിക്കുന്നു? അതേ. അവൻ ശരവഷംതുടങ്ങി. വാസു കമ്പിക്കാലിൽ ചെവിയടുപ്പിച്ചു സശ്രദ്ധം നില്ക്കുകയാണ്. രാഘവൻ ഒരു കല്ലെടുത്തു കമ്പിമേൽ ഒരേറ്. "ച്ളീം" ആ ശബ്ദം വാസുവിനെ അരിശംകൊള്ളിച്ചു.

പട്ടണമായി. വലിയ വലിയ കെട്ടിടങ്ങാം കണ്ടു തുടങ്ങി. വാസു മുന്നോട്ടുവന്നു. അവന്ന് അവിടമെല്ലാം പരിചയമാണ്. അച്ഛനൊരുമിച്ച് അവൻ പല തവണ ചെരിപ്പു വില്ക്കാൻ അവിടെയെല്ലാം നടന്നിട്ടുണ്ട്. അതാ, അത് സായിപ്പന്മാക്ക് വന്നാൽ താമസിക്കാനുള്ള ബങ്കളാവാണ്. അവിടം മുഴുവനും ജാലവിദ്യയാണ്. ആളുകളുടെ തലയോട്ട് അവിടെ അങ്ങുമിങ്ങും കിടന്നോട്ടം. വേറെയും പലതുമുണ്ടവിടെ തമാശകാം. പക്ഷെ അതൊന്നും നമുക്കു കണ്ടുകൂടാ. അകത്തേക്കാക്കും പ്രവേശനമില്ല. വിളക്കു കൊളുത്തിയാൽ സായിപ്പന്മാർവന്നു കളി തുടങ്ങും. നാമം ചൊല്ലേണ്ട സമയത്ത്. അതോ, വലിയ വലിയ ഊക്കൻ സായിപ്പന്മാര്! ഊക്കൻ കുപ്പായമിട്ട് ഊക്കൻ മീശയുമായി പറഞ്ഞാൽ തിരിയാത്ത സായിപ്പന്മാര്! അവരുടെ നിറം ആനക്കൊമ്പുമാതിരിയാണ്. അതിനിടക്ക് മദാമ്മമാരുമുണ്ടാവും. കണ്ണാണ് സത്യം. ഒരു ബേറവും കയ്യിലുണ്ടാവും.

"എന്തടാ ഈ ബേററെന്നു വെച്ചാൽ. മലയാളം പറയെടാ."

"അതൊരു വിശറിയാണെടാ. ഒരു വല വിശറി. അതുകൊണ്ടു അവക്കു മാത്രമേ വീശാൻ പററൂ. നിന്റെ

അമ്മയ്ക്കൊതൊന്നു കൊടുത്തുനോക്ക്. അതു പൊക്കാൻ കൂടി അവരെക്കൊണ്ടാവില്ല. എന്നിട്ടല്ലേ വീശേണ്ട കാര്യം."

കുട്ടൻ പറഞ്ഞു—"എൻെറ അമ്മയുടെ കയ്യിനു വിറ തുടങ്ങിയിട്ടുണ്ട്."

വാസുകയർത്തു—"പോടാ കടന്ന്! പത്തു പറ നെല്ലെടുത്തുകൊടുത്താൽ വേണങ്കിൽ കുത്തിയരിയാക്കും. എന്നിട്ടല്ലേ ഈ ഇത്തിരിപോന്ന ബേററടുക്കാൻ വയ്യാത്തത്. കയ്യിന്നു വിറയാണത്രേ! പത്തുന്തുറതടം കാര്യൂറിക്ക കയ്യരിപടിക്കാൻ അവരൊററക്ക മതി. ഒരു മദാമ്മയോട്ട ഒരു കൊട്ടയ്ക്കു കയ്യരി പിടിക്കാൻ പറഞ്ഞുനോക്ക്. പിന്നെയതിനെ കിണററീന്നു തോണ്ടിയെടുക്കേണ്ടിവരും."

"എന്നാലും അവരെപ്പോലെ ഓടാനും ചാടാനു മൊന്നും വയ്യല്ലോ."

"ഇല്ലാത്രേ! ഓടാനും ചാടാനുമൊന്നും വയ്യാത്രേ! ഒരു ദിവസം എൻെറ പയ്യ് കെട്ടഴിഞ്ഞുപോയി. കളത്തിലെ കാര്യൂറയിൽ കടന്നപ്പോഴ് കണ്ടു, നിൻെറ അമ്മയുടെ ഓട്ടം. എനിക്കുകൂടി ഒപ്പമെത്താൻ കഴിഞ്ഞില്ല. അമ്മയാണ് സത്യം. കഴിഞ്ഞില്ല;

ടൌൺ ഹോളായി. വാസു വിവരിച്ചു:—

"ഇതിലാണ് വലിയ വലിയ ആളുകഠം പൊറാട്ടു നാടകം കളിക്കാറ്. എത്ര ആളുകളാണ് കാണാൻ വരുക! ആണുങ്ങളും പെണ്ണുങ്ങളും! അച്ഛനെന്നെ ഒരു ദിവസം കൊണ്ടുപോയി. ഒരു വേഷം വന്നു. അതവിടെ നിന്നിട്ടങ്ങട്ട് തുടങ്ങീ ഓളിയിടാൻ. പുളപ്പിളകിയ

ചൊക്കിപ്പുട്ടിപോലെ. പിന്നിൽനിന്നു വല്ലവരും ക ല്ലെടുത്തെറിഞ്ഞിട്ടാവും. നിന്നനില്പിൽ അങ്ങനെ കുറെ നേരംനിന്നു. എനിക്കുറക്കംവന്നു. ഞാനവിടെ കിടന്നു."

"നിയ്യ് പാട്ടുപാടുന്നത് കേട്ടിട്ടില്ലെടാ. ഓളിയിടുന്നപോലെത്തന്നെയാണ് തോന്നുക. എൻെറ എളേമ ഒരു പാട്ട് മിശ്ററസ്സായിരുന്നു. അവർ പാടുന്നത് ഞാൻ ഇശ്ശി കേട്ടിട്ടുണ്ട്. അവക്ക് കുറെ അകലത്തായിരുന്നു ജോലി. ഒരു ചിത്രംവരമാഷടെക്കൂടെയായിരുന്നു താമസം. അഞ്ചാറുമാസം കഴിഞ്ഞപ്പോഠം കേട്ടു, കിണററിൽ വീണു ചത്തുവെന്ന്."

ചിറയായി. അവൻ തുടന്നു—"ഇതിൽ രാത്രി മണി പത്തടിച്ചാൽ പിന്നെ മനുഷ്യരാരും കുളിക്കാറില്ല. പിന്നെയൊക്കെ യക്ഷികളാ. അവരങ്ങനെ ഇറങ്ങിക്കുളിക്കുന്നതൊന്നും കാണില്ല. വല്ല തൂണിൻെറ മറവിലോ കുപ്പിൻെറ നിഴലിലോ പങ്ങിപ്പതുങ്ങി നില്ക്കും. വല്ലവരും പോകുന്നതുകണ്ടാൽ മുഖമൊന്നു പുറത്തുകാട്ടി വിരലുകൊണ്ടു മാടിവിളിക്കും. പേടിക്കാനൊന്നുമില്ല. അങ്ങോട്ടു ചെന്നാൽ പിന്നെ മടങ്ങാൻ തോന്നില്ലത്രേ. അച്ഛനാണ്, സിനിമക്കുപോയി വരുമ്പോഠം എന്നോടു നടക്കാൻ പറയും. എന്നിട്ട് ഈ വഴിക്കാവെക്കും."

ചില കാപ്പിക്ലബ്ബ്കഠം അവരെ ആകഷിച്ചു. അവയെല്ലാം വണ്ണക്കടലാസ്സുകഠംകൊണ്ടലങ്കരിച്ചിട്ടുണ്ട്. ഓരോ ദിക്കിലും കന്നുകന്നായാണ് കൂട്ടിയിരിക്കുന്നത്. അപ്പം, പരിപ്പുവട, ഓമപ്പൊരി, പറഞ്ഞില്ലേ, എന്തൊക്കെ വേണെങ്കിലും അവിടെയുണ്ട്. ഇത്രയധികം പലഹാരമൊക്കെ ആരുതിന്നാനാണ്? പാതിരയായാൽ

മാനത്തുനിന്നു ചെകുത്താന്മാർ വന്ന് ബാക്കിയുള്ളതെല്ലാം വാങ്ങിക്കൊണ്ടുപോകും. അച്ഛൻ പറയാറുണ്ട്. പാതിരയായാൽ ഒരേ വേഷത്തിലുള്ള കുറെ ആളുകൾ എല്ലാ കടകളിലും കടന്നുചെല്ലും. അവിടെക്കണ്ട സാധനമെല്ലാം തൂക്കംകണക്കിനു വാങ്ങും. ശരിക്കുള്ള ഉറുപ്പികയങ്ങെണ്ണിക്കൊടുക്കും. വക്കും തെററും പൊട്ടാത്ത വെള്ളി ഉറുപ്പിക!"

ബാലൻ വിശ്വാസമായില്ല:—

"നമ്മുടെ വെള്ളിയുറുപ്പിക മാനത്തെ ചെകുത്താന്മാർക്ക് എങ്ങിനെ കിട്ടാനാ?"

വാസു വിവരിച്ചു:—

"അവർക്കല്ലേ ഉറുപ്പികക്കിത്ര പഞ്ഞം? ഏതു ഖജാനയിലും വേണെങ്കിൽ അവർക്കു കടന്നുചെല്ലാം. ഇരുമ്പഴിയായാലും ഇരുമ്പുപെട്ടിയായാലും അവർക്കു പുല്ലാ. അവരൊന്നു ഊതിയാൽമതി. എത്ര കനത്തിലുള്ള ഇരുമ്പഴികളും ഞാഞ്ഞൂൾപോലെ വളഞ്ഞുപോകും. താനേതു നാട്ടുകാരനാണടോ? പവൻ വേണോ, അവരുടെ പക്കൽ അതേ ഉള്ളു. അവർക്കിഷ്ടമുള്ളവർക്കു പവനും പണ്ടങ്ങളും കൊട്ടക്കണക്കിനു വാരികൊടുക്കും. ഇപ്പോൾ തന്നെ ഇവിടെ കണ്ട ആളെ അഞ്ചുമിനിട്ടിനകത്തു കാണാം മദിരാശിയില്.

ബാലൻ ചോദിച്ചു:—

"അവർക്കെത്രകണ്ട് പൊക്കമുണ്ടാവും?"

"ഓരോരുത്തരും മാനത്തോളം പോരും. എൻെറ ചങ്ങാതി! നിലത്തുനിന്നാൽ അവരുടെ തല മാനത്തു മുട്ടും. വേണെങ്കിൽ ഒരു തീപ്പെട്ടിയിലൊതുങ്ങുകയും ചെയ്യും."

"ആളുകളെങ്ങനെയാണവരെ കയ്യലാക്കുന്നത്? ആ മന്ത്രമൊന്നുപദേശിച്ചുതാടോ. ഞാനൊന്നു പരീക്ഷിച്ചു നോക്കാം."

"അതെനിക്കറിയില്ല. പക്ഷെ കളത്തിൽ തമ്പുരാൻെറ കൈവശം വളരെയധികം ചെകുത്താന്മാരുണ്ട്. വല്ല സാധനവും കളവുപോയാൽ തമ്പുരാനല്ലേ തെളിയിച്ചുതരാറ്? കട്ട കള്ളൻെറ പേരുകൂടിപ്പറഞ്ഞുകൊടുക്കും. പട്ടൻരാമൻെറ എരുമ ഒരു ദിവസം കയറഴിഞ്ഞുപോയി. മൂന്നുദിവസം തിരഞ്ഞു നടന്നു. മൂന്നു ദിവസം! ഒരു ദിക്കിലും കണ്ടില്ല. അവസാനം ചുമ്മാ തമ്പുരാൻെറ അടുത്തുചെന്നു. തമ്പുരാൻ ചെന്നവശംപറഞ്ഞു, പശ്ശുപുല്ലാംതടത്തിലുണ്ട്. ചെന്നുനോക്കേണ്ട താമസം. കണ്ടുകിട്ടി. ചെകുത്താന്മാർ വന്ന് അവിടേക്കു എല്ലാ വത്തമാനവും അറിവുകൊടുക്കുന്നുണ്ട്."

തമ്പുരാൻെറ പക്കൽ എങ്ങനെയാണിത്രയധികം പണമെന്നും ആളുകളെല്ലാം ഇത്രയധികം ആദരിക്കാനുള്ള കാരണമെന്തെന്നും അപ്പോഴാണ് മനസ്സിലായത്.

അവർ പൂരപ്പറമ്പിലങ്ങനെ നടക്കുകയാണ്. കറുത്തിരുണ്ട ഒരു മുറിമീശക്കാരനെ വിലങ്ങുവെച്ചുകൊണ്ടുപോകുന്നു. മുട്ടൻവടിയുമായി രണ്ടുപോലീസുകാരുണ്ട് അവൻെറ കൂടെ. ഈ പോലീസുകാരില്ലേ! അവർ നടക്കുന്നവഴിക്കു ഓരോരുത്തരേയും പരിശോധിച്ചാണ് നടക്കുക. അവരങ്ങനെ നടന്നില്ലെങ്കിൽ എന്തെല്ലാം കൊള്ളകളാണ് നടക്കുക! ഒരൊററ കുട്ടിയുടെ കഴുത്തിലും ഒരു പൊന്നിൻെറ തരികൂടി കാണാൻ കൂടില്ല.

വാസു വാദിച്ചു:-

"ഇവരാണ് നാട്ടുമുഴുവൻ കാത്തു നടക്കുന്നതല്ലേ? പുള്ളിക്കു കുറച്ചൊക്കെ അറിയാം കെട്ടോ! കക്കാൻ നടക്കുന്ന കൂട്ടരെല്ലാം ഇവരായി കൂട്ടുകെട്ടാണെടാ. അവക്കെല്ലാം ഒററുനില്ക്കുകയാണിവരുടെ പതിവ്. അന്തിയായാൽ എല്ലാ കള്ളന്മാരേയും വിളിക്കും. എന്നിട്ടു പുറത്തുതട്ടി സ്വകാര്യമായിപ്പറഞ്ഞുറപ്പിക്കും. എന്നിട്ടോ, അവർ മററവല്ല ദിക്കിലുംചെന്ന് വല്ല പാവങ്ങളേയും പിടിച്ചു രണ്ടു പൊട്ടിക്കും. അതാണിക്കൂട്ടരുടെ പക്കൽ ഇത്രയധികം പൈസയുണ്ടാവാനുള്ള കാരണം. എൻെറ അമ്മാമൻ ഒരു പോലീസാണ്. ഇരുപത്തിരണ്ടാണ് ശമ്പളം. പറഞ്ഞിട്ടെന്താ? അമ്പതുറപ്പിക മാസംതോറം വീട്ടിലേക്കയച്ചുകൊടുക്കും. കണ്ണാണ് സത്യം. ഞാനൊരു തവണ ചോദിച്ചു—കുഞ്ഞമാമാ! എവിടന്നാകുഞ്ഞമാമനിത്രയധികം പണം കിട്ടുന്നതു്? മാമൻ ചിരിച്ചുകൊണ്ടുപറഞ്ഞു:—മോനേ, തമ്പുരാൻ തരുന്നതാ. പിന്നെ ഉള്ള കള്ളി മാമൻതന്നെ തുറന്നു പറഞ്ഞു— "ഞങ്ങൾക്കു വേണെങ്കിൽ ഒരുദിവസംകൊണ്ടു് ഒരൊററ ലക്ഷത്തിൻെറ മുതല് തട്ടാം. ഞങ്ങളതൊന്നും വേണ്ടെന്നു കരുതിയിട്ടാ. ജോലി പോകരുതു്. ചീത്തപ്പേരുമുണ്ടാകരുതു്. അതിന്നു തക്കവെണ്ണമേ ഞങ്ങൾ തട്ടാവള്ളൂ."

ബാലൻ ചോദിച്ചു:—

"അപ്പോൾ ഇവരാണ് കളവു നടത്തുന്നതെങ്കിൽ ഇവരെയാരും പിടിക്കാനില്ലേ?"

വാസുവിന്നവൻെറ മണ്ടത്തത്തിൽ ദയതോന്നി—

"എട വങ്ക! അവരെ ആരുപിടിക്കാനാ? പിടി

ക്കാനുള്ളവർതന്നെ അവരല്ലേ? ഈശ്വരൻ അവക്കു കരുതിക്കൂട്ടിക്കൊടുക്കുന്നുമുണ്ട്. അക്രമംചെയ്തു കിട്ടിയതു അക്രമമായിത്തന്നെ പോണം. കുറച്ചു ദിവസമേ ആയിട്ടുള്ളു. മാമന്റെ പുര തീപ്പിടിച്ചു. കട്ടളയും വാതലുമെല്ലാം വെണ്ണീറായി. നാഴിവെള്ളം കുടിക്കാൻ ഒരു പാത്രംകൂടി ശേഷിച്ചില്ല. എത്ര ദിവസമാണ് മരത്തിന്റെ ചോട്ടിൽ കിടന്നതു്! അമ്മയാണ് സത്യം; മരത്തിന്റെ ചോട്ടിൽ! പിന്നെയെവിടന്നാണാവോ നൂറുറുപ്പിക കടം വാങ്ങി. കുറച്ചു പാത്രം എവിടന്നോ ചോദിച്ചു കൊണ്ടുവന്നു."

ബാലൻ—"നൂറ് അമ്പതിലും കൂടുതലാ?"

"നൂറെവിടെക്കിടക്കുന്നു! അമ്പതെവിടെക്കിടക്കുന്നു! അമ്പത് ഒരൊററ മടിശ്ശീലയിൽകൊള്ളും. നൂറ് രണ്ടുമടിശ്ശീലയിലും കൊള്ളില്ല."

അവരല്ലം തെക്കോട്ടു നടന്നു. എന്തൊരു പുരുഷാരാണ്! എല്ലാവരും പൂരത്തിന്നു കരുതിക്കൂട്ടി വന്നിരിക്കുകയാണ്. അന്നലക്കി നീത്തിയ മുണ്ടും കുപ്പായവും. സെൻറും പൌഡറും മണത്തിട്ടു വയ്യ. അവരുടെ ഹൃദയം ആനന്ദത്തിലലതല്ലുകയാണ്. അവരെല്ലാം ഒററക്കൊരു സെററായിക്കഴിഞ്ഞിരിക്കുന്നു. അവരുടെ അച്ഛനും അമ്മാമനുമെല്ലാം അവരെ എവിടെയോ തിരയുന്നുണ്ടാവും. വാസു ഉണ്ടല്ലോ കൂടെ; സമാധാനമുണ്ട്. അവനു വഴി ധാരാളം പരിചയമാണ്. വല്ല ആനയുടേയും പററടിയിൽ പതിയാഞ്ഞാൽ മതിയായിരുന്നു. വല്ല അമിട്ടിൻകോറപൊട്ടുന്നതിന്റെ ചോട്ടിൽചെന്നു തല കാട്ടാഞ്ഞാൽ മതിയായിരുന്നു. പക്ഷെ ആ സെ

ററ് ഇനി ഒററപ്പെട്ടില്ല. എല്ലാവരും വാസുവിൻെറ പിന്നാലെയുണ്ട്. കാന്തക്കട്ടയിൽ ഇരുമ്പുശകലംപോലെ അവൻെറമേൽ പററിപ്പിടിച്ചാണ് നടക്കുന്നത്. ബാലൻെറ പോക്കററുമുഴുവനും പല നിറത്തിലുള്ള പരസ്യങ്ങൾകൊണ്ട് നിറഞ്ഞിരിക്കയാണ്. വാസു മുണ്ടഴിച്ച തലയിൽ കെട്ടിയിരിക്കുന്നു. ഒരു കീററട്രൌസറുമാത്രം അരയിലുണ്ട്. കുട്ടൻെറ കയ്യിലൊരു ഒഴിഞ്ഞ സിഗരററിൻ പെട്ടിയുണ്ട്. എങ്ങോട്ടുപോയാലും ആളുകൾ തന്നെ. രണ്ടുമൂന്ന് തുള്ളാലുകൾ തലപൊക്കിനിന്ന് ആളുകളെ ഇനിയും കൈകൊട്ടി വിളിക്കുകയാണ്. അങ്ങിങ്ങായി കുറെ കമ്പക്കാലുകൾ നിശ്ശബ്ദമായി നില്ക്കുന്നുണ്ട്. ഇപ്പോൾ ഇവയെല്ലാം മിണ്ടാട്ടമില്ലാതെ നിന്നോട്ടേ. പാതിര കഴിഞ്ഞാൽ കാണാം, പകിരികൾ പാളിച്ചെന്ന് നരച്ചമണ്ടകൾ നോക്കി തീകൊളുത്തുന്നത്. അമിട്ടു 'ഭും' എന്നൊരു പൊട്ടുപൊട്ടും. ആനയുടെ ചെകിടുകൂടി തുളഞ്ഞുപോകും. ഇരുകൂട്ടരും വാദിച്ചാണ്. ഒരു കൂട്ടർ ഇരുപതുനില. മറെക്കൂട്ടർ നാല്പതുനില. എങ്ങനെയാണപ്പാ ഇതെല്ലാം മാനത്തു പൊട്ടിവിരിയുന്നത്! തമ്പുരാൻെറ പണിയാവും ഇതെല്ലാം. കയ്യിൽ ചെകുത്താനില്ലേ? അവർ മാനത്തു ചൂട്ടും കത്തിച്ച നടക്കുന്നുണ്ടാവും. തമ്പുരാൻ ദിവസേന കാറിൽപോരുന്നതു വെറുതെയൊന്നുമല്ല. കയ്യിൽ തോലുകൊണ്ടൊരു പെട്ടിയില്ലേ? അതിലാവും അവരൊക്കെ. അതാവും അതെപ്പോഴും ഏററി നടക്കുന്നത്.

മണി ആറടിച്ചു. വൈദ്യുതദീപങ്ങളെല്ലാം ഒന്നായിത്തിളങ്ങി. ഇതു ചെകുത്താൻെറ പണിയല്ലെങ്കിൽ

പിന്നെയെന്താണു്? എല്ലാവരും ഒരു വിളക്കിൻകാ
ലിൻെറ ചോട്ടിൽ ചെന്നു. വളരെനേരം സൂക്ഷിച്ചു
നോക്കി. എന്തൊരു വെളിച്ചമാണു്, ആളുകൾ ആ
വെളിച്ചത്തു് കടലാസ്സു വായിക്കുന്നു. കാശെണ്ണുന്നു. അ
തെ. ശരിക്കുള്ള വെളിച്ചംതന്നെ.

2.

പടക്കത്തിൽ തീകൊടുത്തു. ഡൈനകൾ ആകാ
ശം കലക്കി. ബാലൻ പിടഞ്ഞെണീററു് കൂട്ടുകാരെത്ത
ട്ടിയുണർത്തി. അവക്കു കണ്ണുമിഴിക്കാൻ വയ്യ. പുകയോടു
പുക. വെളിച്ചംകൊണ്ടു വെളിച്ചം. ബാലൻ രാഘവ
നെ കെട്ടിപ്പിടിച്ചു. ഓരോ ഡൈന പൊട്ടുന്നതും അവ
രുടെ തലയിലാണെന്നവക്കു തോന്നി. ഓരോ പടക്ക
വും ചെവിട്ടിൽതന്നെ പൊട്ടുന്നു. ഇതെത്രയാണപ്പാ!
എത്ര നേരമായി ഇതു പൊട്ടിത്തുടങ്ങിയിട്ടു്. ഓടാനും
ഒരു വഴിയും കാണാനില്ല. ആളുകളെന്താ ഇങ്ങനെ ഓ
ടാതെ മിഴിച്ചുനോക്കി നില്ക്കുന്നതു്. അവരെന്താ മുഴുവ
നും പൊട്ടന്മാരാണോ! ബാലൻ കണ്ണുപൊത്തി. അവ
ൻെറ മണ്ട ചൊറക്കി. രണ്ടുനാലുവട്ടം കുറെ വെള്ളി
പ്പൂക്കൾ മാനത്തുചെന്നു കെട്ടുവീണു. ഒരു പകരി ഒരു
ചെട്ടിച്ചിയുടെ കക്ഷത്തിൽചെന്നു പൊട്ടി. എല്ലാവരും
മണ്ടുവീശി. ബാലൻ ഒരു തടിയൻെറ പിന്നിൽ പതു
ങ്ങിനിന്നു.

പ്രകാശമായി. ആളുകൾ പിരിഞ്ഞുതുടങ്ങി. പു
രുഷാരം ഷാപ്പുകളുടെ മുമ്പിൽ തടിച്ചുകൂടി. ബാലനു
അവിടെയൊന്നുമല്ല കണ്ണു്. കുറെ നേരമായി യന്ത്രഊ

ഞ്ഞാൽതന്നെ നോക്കിനില്ക്കുന്നു. ഒരണ ചെലവാക്കിയാലെന്താ? ആകാശമൊന്നു തൊട്ടുവരാമല്ലോ. അപ്പുറത്തതാ കുട ഊഞ്ഞാൽ കിടന്നു തിരിയുന്നു. ആന, കുതിര, മയിൽ, ഒട്ടകം, എന്തെല്ലാമാണിതിന്മേൽ തൂങ്ങിക്കിടക്കുന്നത്. ഒരണ കൊടുത്താൽ മതി. ഏതിന്മേൽ എത്രവേണമെങ്കിലും കയറിയിരിക്കാം. ഇരുപത്തഞ്ചാട്ടത്തിനു ആരോടും ചോദിക്കേണ്ട. വാസുവും അപ്പുവും കുട്ടനും രാഘവനും ഓരോ അണ ചെലവിടാൻ തീർച്ചയാക്കി. ബാലൻ ഒഴിഞ്ഞുമാറി, അകലത്തു നില്പാണ്. അവൻെറ കൈയിൽ ആകെ മൂന്നണയല്ലേ ഉള്ളൂ. അവൻെറ ആകെയുള്ള സ്വത്തിൽ മൂന്നിലൊന്നു ഈ തുച്ഛമായ സംഗതിക്കുവേണ്ടി ചെലവാക്കുകയോ?

എല്ലാവരും ഊഞ്ഞാലാടി വന്നു. ഇനിയവർക്കു പലതും വാങ്ങാനുണ്ട്. അവിടെ അങ്ങിങ്ങായി പല സാധനങ്ങളും നിരത്തിവെച്ചിട്ടുണ്ട്. പലതരത്തിലുള്ള ബൊമ്മകളും അവിടെനിരന്നിരിക്കുന്നുണ്ട്. പോലീസ്, രാജാവ്, വക്കീൽ, ചെത്തുകാരൻ, വെളുത്തേടൻ, ചുമട്ടുകാരൻ, അയ്യ! എത്ര നല്ല ബൊമ്മകൾ! എന്തോ പറയാൻ ഭാവിക്കുന്നപോലെ തോന്നുന്നു. കുട്ടനു പിടിച്ചതു പോലീസ്സാണ്. അവനതു വാങ്ങി. കാക്കിയുടുപ്പ്, ചൊകന്നതൊപ്പി, ചുമലിൽ തോക്കങ്ങിനെ വെച്ചിരിക്കുന്നു! ഇതാ, കവാത്തുകഴിഞ്ഞു വരുകയാണെന്നേ തോന്നൂ. വാസുവിന്നു പിടിച്ചതു ചെത്തുകാരനാണ്. കുന്നുകൂരച്ച്; അരയിൽ തിരുകിയ കത്തിയിൽ പാളതൂങ്ങിക്കിടക്കുന്നു. ചുമലിലൊരു കുടവുമുണ്ട്. എന്തൊരു തെളിവാണ് മുഖത്ത്. വടക്കൻപാട്ടും പാടിക്കൊണ്ടാണ്

വരുന്നതെന്നു തോന്നും. കുടത്തിൻെറ വായിൽനിന്നു കള്ളുപതഞ്ഞു പുറത്തു വരുന്നു. അപ്പുവിന്നിഷ്ടം വക്കീലാണ്. മുഖത്തുനോക്കിയാൽതന്നെ എന്തൊരന്തസ്സാണ്! കറുത്ത കോട്ട്, അടിയിൽ വെള്ളഷട്ട്, ഷട്ടിൻെറ ഇടത്തെ പോക്കററിൽ വാച്ചിൻെറ സ്വർണ്ണച്ചെയിൻ ഒരു കയ്യിൽ നിയമപുസ്തകം. ഇതാ, ഇപ്പോൾതന്നെ കോടതിയിൽനിന്ന് വാദംകഴിഞ്ഞുവരുകയാണ്. ഈരണ്ടണയാണിതിനെല്ലാം വില. ബാലൻെറ പക്കൽ ആകെ മൂന്നണയല്ലെ ഉള്ളു. ഇത്രയും വിലപിടിച്ച സാധനം അവനെങ്ങനെ വാങ്ങും? അതെങ്ങാനും കയ്യിൽനിന്നു വീണുപോയാലൊ! തവിട്ടുപൊടി. ഒരു തുള്ളി വെള്ളം വീണാൽ മതി. ഉള്ള നിറമെല്ലാം പൊയ്പ്പോകും. ഇത്തരം കളിസ്സാധനങ്ങൾ അവനെങ്ങനെ വാങ്ങും? അവനതെല്ലാമെന്തിനാണ്?

വാസു പറഞ്ഞു:—"എൻെറ ചെത്തുകാരൻതാമി ദിവസേന കള്ളുംകൊണ്ടുവരും. രണ്ടുനേരവും."

കുട്ടൻ—"എൻെറ പോലീസ് വീട്ടിൽത്തന്നെ നില്ക്കും. വല്ല കള്ളന്മാരുമങ്ങുവരട്ടേ. അപ്പോൾകാണാം ഠ, ഠ, ഠ, ഠേ! എന്നു തോക്കപൊട്ടുന്നതു്."

അപ്പു—"എൻെറ വക്കീല് നല്ലവണ്ണം കേസ്സ് വാദിക്കും."

രാഘവൻ—"എൻെറ വെളുത്തേടൻ ദിവസേന അലക്കിക്കൊണ്ടുവരും."

ബാലനതൊന്നും പിടിച്ചില്ല. അവനതെല്ലാം ബാലിശമാണ്. എങ്ങനെയായാലും മണ്ണാങ്കട്ടയല്ലേ? ഒന്നു നിലത്തു വീണാൽ കഴിഞ്ഞു. തവിട്ടുപൊടിയായി.

പക്ഷേ അവൻ ആർത്തിപിടിച്ച കണ്ണുകൾകൊണ്ട് ഓരോന്നും നോക്കുകയാണ്. കുറച്ചുനേരമെങ്കിലും അതൊന്നു കയ്യിൽവയ്ക്കാൻ കഴിഞ്ഞെങ്കിൽ! അവൻെറ കൈകൾ അവനറിയാതെ നീളുകയാണ്. പക്ഷേ കൂട്ടരാരും അത്രയധികം ത്യാഗികളൊന്നുമല്ല. അവയുടെ പുതുപ്പകിട്ടിൽ അവർ മുഴുകിയിരിക്കുകയാണ്. ബാലന് കൊതി തുള്ളിത്തുടങ്ങി.

അടുത്തതു പലഹാരക്കടകളാണ്. ഒരുത്തൻ ബിസ്കററ് വാങ്ങി. മറെറാരുത്തൻ മിട്ടായി. ഒരുത്തൻ അലുവാ. ഒരുത്തൻ കപ്പലണ്ടി..........ഈത്തപ്പഴം........കടല.

അവരെല്ലാം രസമായിനിന്നു തിന്നുകയാണ്. ബാലൻ അകലത്തുനിന്ന് ഇതെല്ലാം കാണുന്നുണ്ട്. കയ്യിൽ മൂന്നണയല്ലേ ഉള്ളൂ. എങ്ങനെയവൻ അവരുടെ കൂട്ടത്തിൽ കൂടും? അവൻെറ വായിൽ കപ്പലോടിത്തുടങ്ങി. ആർത്തിപൂണ്ട കണ്ണുകൾകൊണ്ട് അവരുടെ താടിയിളകുന്നതെണ്ണിക്കൊണ്ടുനിന്നു.

“വാടാ, ബാലാ, ഇന്നാ നാലുചൊള തിന്നോ” വാസു കുറച്ച് ഈത്തപ്പഴമെടുത്ത് ബാലൻെറ നേക്കു നീട്ടി. ബാലനു സംശയമായി. ഇതു കളിപ്പിക്കാനാ. കണ്ണിൽ ചോരയില്ലാത്ത കൂട്ടരാ. ഇവനല്ലേ തിന്നാനുള്ള സാധനം മറെറാരുത്തനു കൊടുക്കുന്നത്! ചക്ക തിന്നാൽ കുരുകൂടി ബാക്കി വെക്കാത്ത പെരുങ്കൊതിയനാ. എങ്കിലും അവൻ വാസുവിൻെറ അടുത്തുചെന്നു. വാസു രണ്ടു ചൊളയെടുത്തു കാട്ടി. ബാലൻെറ കൈക്കുമ്പിളിലായി. വാസുവിന്നു ഒരു സംശയവുമുണ്ടായില്ല.

അതവൻ അവൻെറ വായിൽതന്നെ ഇട്ടു. എല്ലാവരും കൈക്കൊട്ടി കളിയാക്കി. ബാലൻ ഇളിഭ്യനായി.

വാസു—"ഇതു ഞാൻ ശരിക്കുംതരാം ബാലാ. അമ്മയാണ്. ന്നാ, കയ്യ്കാട്ട്."

ബാലൻ—"ഇരിക്കട്ടെ. ഇടയ്ക്ക് വഴിക്കുവെച്ച് വിശന്നാൽ തിന്നാം. എൻെറ കയ്യിൽ കാശൊക്കയുണ്ട്. എനിക്കു വേണെങ്കിൽ ഞാൻ വാങ്ങിക്കൊള്ളാം."

രാഘവൻ—"ആകെ മൂന്നണയല്ലടാ മുതലുള്ളതു്? അതുകൊണ്ടെന്തൊക്കെ വാങ്ങും?"

കുട്ടൻ—"ഞാൻ തരില്ലേ നിനക്കു ബിസ്കറ്റ്. വാസു ചതിയനാ."

ബാലൻ—"ബിസ്കറ്റ് വയററിന്നു മഹാ ചീത്തയാണ്. പുസ്തകങ്ങളിലെല്ലാം അതു മഹാ ചീത്തയാണെന്നാണ് പറഞ്ഞിട്ടുള്ളതു്."

വാസു—"എന്നാലും ഒന്നു കിട്ടിയാൽ തിന്നാമെന്നുള്ളിലുണ്ടാവും. നിൻെറ കയ്യിലുള്ളതങ്ങു ചെലവാക്കിയാലെന്താ?"

കുട്ടൻ—"നമുക്കറിഞ്ഞുകൂടേ ഇവൻെറ സൂത്രം? നമ്മുടെ കയ്യിലെ മുഴുവനും കഴിയട്ടേ. അപ്പോൾ കാണാം ഇവൻ നമ്മുടെ മുമ്പിൽവെച്ച് നെയ്യപ്പം വാങ്ങിത്തിന്നുന്നതു്."

പലഹാരക്കടകൾ കഴിഞ്ഞു. ഇരുമ്പു കടകളായി. പലതരം മുക്കപണ്ടങ്ങൾ മുൻവശത്തു തൂക്കിയിട്ടിട്ടുണ്ട്. അവക്കാക്കും ഒരു 'ഇമ്പവും' അതിൽ തോന്നിയില്ല. അതൊന്നു നോക്കുകപോലും ചെയ്യാതെ അവരെല്ലാം മുന്നോട്ടു പോയി. ബാലൻ പെട്ടെന്നു നിന്നു. പലതരം

ച്ചട്ടകങ്ങളവിടെ നിരത്തിവെച്ചിട്ടുണ്ട്. അവനോർമ്മ വന്നു. മുത്തശ്ശി ചട്ടകമില്ലാതെ വളരെയധികം വിഷമിക്കുന്നുണ്ട്. മുളയലകു് ചെത്തിയാണു് അരിയിളക്കാറു്. വേവുനോക്കുമ്പോൾ കൈവിരൽ പൊള്ളാറുണ്ട്. ഒരു ചട്ടകം വാങ്ങുകതന്നെ. അതുമായി ഞാനങ്ങോട്ടു ചെല്ലുമ്പോൾ മുത്തശ്ശിക്കെത്ര സന്തോഷമാവും! പിന്നെ വിരൽ പൊള്ളേണ്ടി വരില്ലല്ലോ. അതു മററു പലതിന്നും പ്രയോജനപ്പെടുകയും ചെയ്യും. ഈ ബൊമ്മകളെക്കൊണ്ടൊക്കെ കാര്യമെന്തു്? അനാവശ്യമായി പണം ചെലവാക്കുവാൻമാത്രം. അല്പംനേരം കാണാൻ ഒരു രസമൊക്കെയുണ്ടാവും. അതു കഴിഞ്ഞാൽ അതവർതന്നെ വലിച്ചെറിയും. വീട്ടിലെത്തിയാൽ ഭാഗ്യം. അതിനുമുമ്പുതന്നെ അതു താഴത്തുവീണു തവിടുപൊടിയാവും. ചെല്ലുമ്പോഴേക്കും താഴെയുള്ള കുട്ടികൾ ശാഠ്യം പിടിക്കും. വല്ലയിടത്തും ഇട്ടുതട്ടിപ്പൊളിച്ചുകളയും. ചട്ടകം എത്ര ഉപയോഗമുള്ള സാധനമാണു്! അരിയിളക്കാം തവിട്ടട ചുടാം. വല്ലവരും തീയ്യിനു വന്നാൽ നാലുകണൽ കോരിക്കൊടുക്കാം. മുത്തശ്ശിക്കു അങ്ങാടിക്കുപോയി വാങ്ങിക്കൊണ്ടുവരാനെവിടെയാണു് സമയം. സമയമുണ്ടായാലും പണമെവിടെ നിന്നാണൊന്നിച്ചാക്കുക? ദിവസേനയുണ്ടു് വിരലിന്മേൽ ചുട്ടുനീററം. കൂട്ടുകാരെല്ലാം അകലത്തായിരിക്കുന്നു. അവരെല്ലാം ഒത്തുകൂടി പെരുവഴിയിൽ നിന്നു സർബ്ബത്തു കുടിക്കുകയാണു്. എന്തൊരു കൊതിയന്മാരാണപ്പാ! അവരെല്ലാം എത്ര പലഹാരമാണു് വാങ്ങിയതു്! ഒരു ശകലമെങ്കിലും എനിക്കു തന്നില്ലല്ലോ. എന്നിട്ടാണു് പറയുന്നതു് അവരുടെകൂടെ

നടക്കാൻ. പറഞ്ഞതു മുഴുവനും കേൾക്കാൻ. ഇനിയൊന്ന് ആരെങ്കിലും എന്നോടു വല്ലതും പറയട്ടേ. ഞാനപ്പോൾ കാട്ടിക്കൊടുക്കാം. അവർ വയറുനിറയെ പലഹാരം തിന്നട്ടേ. വരുംകൊല്ലത്തെ പൂരത്തിനു വായകോടിയിട്ടില്ലെങ്കിൽ ഞാൻ പറഞ്ഞിട്ടില്ല. ചിരങ്ങും ചൊറിയും വിട്ടുപോവില്ല. ചെറുപ്പത്തിൽതന്നെ പാതാളവയറന്മാരാകും. അന്നവർ വീട്ടിൽനിന്നു കാശ്ശ് കക്കാൻ തുടങ്ങും. അച്ഛനും അമ്മാമനും തുണിന്മേൽ കെട്ടിട്ടടിതുടങ്ങും. പുരാണങ്ങളിൽ പറയുന്നതൊന്നും കളവാവില്ല. എനിക്കങ്ങനത്തെ കുരുത്തക്കേടൊന്നും പററാനില്ല. മുത്തശ്ശി ചട്ടകം കാണുമ്പോഴേക്കും ഓടിവരും. അതു വാങ്ങിനോക്കും. എന്നിട്ടു പറയും, എന്റെ മോൻ മുത്തശ്ശിക്കു ചട്ടകം വാങ്ങിക്കൊണ്ടുവന്നിരിക്കുന്നു! എന്റെ തലയിൽ കൈവെച്ച് അനുഗ്രഹിക്കും. അയൽവീട്ടുകാർക്കെല്ലാം കാട്ടിക്കൊടുക്കും. എന്റെ മോൻ ചട്ടകം വാങ്ങിക്കൊണ്ടുവന്നിരിക്കുന്നു! എന്തൊരു സ്ഥായിയുള്ള കുട്ടിയാണ് അവന്റെ അച്ഛനെപ്പോലെത്തന്നെ. ഇവരീബൊമ്മകളും കൊണ്ടുചെന്നാൽ ആരാണവരെ അനുഗ്രഹിക്കാൻ? വയസ്സായവരുടെ അനുഗ്രഹം ശരിക്കു ഈശ്വരന്റെ കാതിലെത്തും. എന്റെ കയ്യിൽ കാശില്ല. അതാണ് വാസുവും കുട്ടനും കളിയാക്കുന്നത്. ഞാനും അവരെ ഒരുദിവസം കളിയാക്കും അവരിപ്പോൾ കണ്ടതെല്ലാം വാങ്ങിത്തിന്നട്ടെ. എനിക്കതൊന്നും വേണ്ടാഞ്ഞിട്ടല്ലേ? വെറുതെ യൊരാൾ പറയുന്നതെല്ലാം കേൾക്കണമെന്നോ? ഞാനൊരു ദരിദ്രനാണ് സമ്മതിച്ചു. ഞാനാരോടും ഒന്നും ചോദിക്കാൻ പോകുന്നില്ലല്ലോ.

എന്നെങ്കിലും ഒരു ദിവസം എന്തായാലും അച്ഛൻ വരാതിരിക്കയില്ല. അമ്മയും ഒരിക്കൽ നല്ല നല്ല സാധനങ്ങളും കൊണ്ടെത്തും. അന്നു ഞാൻ ഇവരെയെല്ലാം പൂരത്തിനു കൊണ്ടുവരും. അവൎക്ക വേണ്ടതെല്ലാം ഞാനന്നു വാങ്ങിക്കൊടുക്കും. ചങ്ങാതിമാരോടെങ്ങനെയാണ് പെരുമാറുകയെന്നു ഞാനന്നു കാട്ടിക്കൊടുക്കും. ഒരു മുക്കാലിനു കടല വാങ്ങിയാൽ അതു കണ്ണിൻമുമ്പിൽവെച്ച് കറുമുറെക്കടിച്ചു തിന്നുകയല്ല വേണ്ടതു്. ഞാൻ ഈ ചട്ടകം വാങ്ങിക്കഴിഞ്ഞാൽ തീൎച്ചയാണ്, അവരെല്ലാവരും കൈക്കൊട്ടി കളിയാക്കും. കളിയാക്കിക്കോട്ടേ. എനിക്കെന്തോ? അവൻ പീടികക്കാരൻെറ അടുത്തു ചെന്നു ചോദിച്ചു:—

"ഇതിനെന്താ വില?"

അയാളവനെയൊന്നുനോക്കി. കൂടെ മററാരേയും കണ്ടില്ല. അയാറം പറഞ്ഞു:—

"ഇതു കളിക്കാനുള്ളതൊന്നുമല്ല കുട്ടീ"

"വില്ക്കാൻ വച്ചതല്ലേ?"

"വില്ക്കാനല്ലാതെ പിന്നെന്തിനാ?"

"എന്നാൽ പറയൂ. എന്തുവിലക്കു കൊടുക്കും?"

"ആറണയ്ക്കു്"

ബാലൻെറ മനസ്സുമട്ടി.

"കൊടുക്കുന്ന വില?"

"കുട്ടിക്കല്ലേ? അഞ്ചണയ്ക്കു കൊണ്ടുപൊയ്ക്കോ. ഇനി ചോദിക്കേണ്ട."

ബാലൻ ധൈൎയ്യമവലംബിച്ചു ചോദിച്ചു:—

"മൂന്നണ തരട്ടേ!"

അവൻ പിന്നെ പിന്നാക്കം നോക്കിയില്ല. ശരി ക്ക മുന്നോട്ടുതന്നെ നടന്നു. അയാഠം വല്ലതും പറഞ്ഞെ ങ്കിലോ!

പക്ഷെ ഒന്നും പറഞ്ഞില്ല. മടക്കിവിളിച്ചു ചട്ട കം കൊടുത്തു. അവൻ ഉടുത്ത മുണ്ടിൻെറ കോന്തല കടിച്ചു കെട്ടഴിച്ചു. ഒന്ന്, രണ്ട്, മൂന്ന്, അവൻ മൂന്ന ണയെണ്ണിക്കൊടുത്തു. ചട്ടകം വാങ്ങി തോക്കപോലെ തോളത്തുവെച്ചു അന്തസ്സിലല്പം ഞെളിഞ്ഞു കൂട്ടുകാരുടെ അടുത്തെത്തി. വാസു ചിരിച്ചുചോദിച്ചു:—

“ഇതെന്തിനു വാങ്ങിയെടാ പ്രാന്താ? ഇതുകൊ ണ്ടെന്താ കാര്യം?”

ബാലൻ ചട്ടകം നിലത്തു വലിച്ചെറിഞ്ഞു.

“നിയ്യ് നിൻെറ ചെത്തുകാരനെ ഇങ്ങനെയൊ ന്നെറിയ്. ഒന്ന് കാണട്ടേ. വാരിയെല്ല് മുഴുവനും ത കന്നു തവിടുപൊടിയാവും.”

കുട്ടൻ—“ചട്ടകം കളിക്കാനുള്ള തുവല്ലതുമാണോ?”

ബാലൻ—“എന്തുകൊണ്ടല്ല? ചുമലിൽ വെച്ചാൽ അത് നല്ല എണ്ണംപറഞ്ഞ തോക്കായി. കയ്യിൽ പിടി ച്ചാൽ അസ്സലുറപ്പുള്ളൊരുവടിയായി. എന്തുകൊണ്ട ല്ല? ഇതുകൊണ്ടൊരു വീശേ വീശേണ്ടു. നിങ്ങളുടെ വ ക്കീലും പോലീസും തവിടുപൊടിയായി. അവററയെ ക്കൊണ്ടൊന്നും ഇതിൻെറ രോമം തൊടാൻ ഒക്കില്ല. ഇ തു് അലറിയടുക്കുന്നൊരു സിംഹമാണെടാ”

അപ്പു തുമ്പുരുവാണ് വാങ്ങിയിട്ടുള്ളതു്. കുറച്ചൊ രഹങ്കാരത്തോടെ പറഞ്ഞു:—

“എൻെറ തുമ്പുരുവിനോടൊന്നുമൊക്കില്ലെടാ അ

ളു്. എട്ടണയാണെടാ ഇതിന്റെ വില."

ബാലനതത്ര വകവെച്ചില്ല. അവനതു് ഒന്നു് നോക്കകൂടി ചെയ്തില്ല.

"എന്റെ ചട്ടകമൊന്നു പാളിയാൽ മതി, നിന്റെ തുമ്പുരുവിന്റെ പള്ള പിന്നെ കണികാണില്ല. ഒരു ചീള് പൊളിഞ്ഞാൽ മതി. പടോം പടോം എന്നാവും ഒച്ച. ഒരു തുള്ളിവെള്ളം തട്ടിയാൽ മതി, പണി തീൎന്നു. എന്റെ ചട്ടകത്തിനെന്തൊരുശിരാണെന്നോ! തിയ്യിൽപെട്ടാലും വെള്ളത്തിൽപെട്ടാലും കൊടുങ്കാററിൽപെട്ടാലും ഇവനില്ല ഒരു കൂട്ടം.'

വാസുവും കുട്ടനും ഒന്നന്ധാളിച്ചു. അതിന്മേലെല്ലാക്കം ഒരു ഭ്രമം കടന്നു. ഒന്നുപോയി വാങ്ങിക്കൊണ്ടു് വന്നാലോ! അതിനാരുടെപക്കലാണു് പൈസ? ഉണ്ടെങ്കിൽതന്നെ വഴികുറെ പോന്നിരിക്കുന്നു. മണി പത്താവാറായി. വെയിലിൽ തീപ്പിടിച്ചിരിക്കുന്നു. വീട്ടിലെത്തിക്കിട്ടാൻ ധൃതിപിടിച്ചു നടക്കുകയാണു്. ബാലൻ മഹാ സൂത്രാലിയാണുകെട്ടോ. ഇതിനാണു് ഇവന്റെ കാൎയ്യം മുഴുവനും സൂക്ഷിച്ചിരുന്നതു്.

സെററ രണ്ടായിപ്പിരിഞ്ഞു. വാസു, കുട്ടൻ, അപ്പു, രാഘവൻ. ഇങ്ങനെ നാലുപേരൊരുഭാഗത്തു്. ബാലൻ ഒററക്കു മറുഭാഗത്തും. വാദമങ്ങനെ മൂത്തുവരികയാണു്. അപ്പു പതുക്കെ ബാലന്റെ ഭാഗത്തായി. വാസുവും കുട്ടനും രാഘവനും ബാലനേക്കാൾ ഒന്നും രണ്ടും വയസ്സു കൂടുതലാണെങ്കിൽക്കൂടി ബാലനെ ഭയന്നാണു് നടന്നിരുന്നതു്. അവനെങ്ങാനും രണ്ടുപൊട്ടിച്ചാലോ! അവന്റെ പക്കൽ ന്യായത്തിന്റേയും നീതിയുടേയും നല്ല ബലമു

ണ്ട്. ഒരു ഭാഗത്തു മണ്ണ് മറുഭാഗത്ത് ഇരുമ്പ്. അതിനപ്പോ ഉരുക്കിനേക്കാളുറപ്പുണ്ട്. അതിനെ വിജയിക്കാൻ സാദ്ധ്യമല്ല. അതു മഹാ അക്രമിയാണ്. ഒരു ചെത്തുകാരൻെറ മുമ്പിൽ ഒരു സിംഹം ചാടി വീണാലത്തെ കഥയെന്താ! അവൻെറ ചേററുകത്തികൊണ്ടുണ്ടോ വല്ല കാര്യവും? പൊല്ലീസുകാരൻ പൊട്ടാത്ത തോക്കും വലിച്ചെറിഞ്ഞു പറപറക്കും. വക്കീലേമാനൻ പോയ വഴിക്കു പുല്ലുമുളക്കില്ല. അല്ലെങ്കിൽ കോട്ടഴിച്ച് മുഖംമൂടി നിരത്തിന്മേൽ പററിക്കിടക്കും. പക്ഷേ ഈ ചട്ടകമില്ലേ! ഇതൊരൊററച്ചാട്ടത്തിന് സിംഹത്തിൻെറ കഴുത്തുംകൊണ്ടേ, പോരൂ. അതിൻെറ കണ്ണുരണ്ടും ചൂഴ്ന്നെടുക്കും."

വാസു ഒന്നു പതുങ്ങി--"എന്നാലും പനകേറാനൊന്നും വയ്യല്ലോ!"

ബാലൻ ചട്ടകം നിലത്തൂന്നി– "ആരെടാ ഈ പന കേറാൻ പോണ്? ചെത്തുകാരൻെറ നേരിട്ടൊന്നു നോക്കിയാൽ മതി. കള്ളുംകുടം കാക്കൽകൊണ്ടു വന്നു നില്ക്കും."

വാസു തോററു തൊപ്പിയിട്ടു. അപ്പോഴെക്കും കുട്ടനൊന്നു താങ്ങിക്കൊടുത്തു.

"അത്രക്കൊന്നും പറയണ്ടടാ. നിൻെറ സിംഹത്തിനെ വല്ലവരും പിടിച്ചു കോടതിയിൽ കൊണ്ടുവരും. അപ്പോഴെൻെറ വക്കീലിൻെറ കാല്ക്കൽ വരേണ്ടിവരും."

അതു വളരെ ശരിയാണ്. ബാലനതിന്നു മറുപടി പറയാൻ കഴിഞ്ഞില്ല. അവൻ ചോദിച്ചു--"ഞങ്ങ

ളെ പിടിക്കാൻ വരുന്നതാരാ?''

രാഘവനൊന്നു ഞെളിഞ്ഞു.

“ഇതാ ഈ പോലീസുകാരൻ''

ബാലൻ പുരികം ചുളിച്ചു.

“ഈ കൊതുകല്ലേ, എൻെറ പതുന്തിനെ പിടിക്കാൻ വരുന്നതു്! വേണെങ്കിൽ ഇപ്പോഴംതന്നെ ഒരു മറിനോക്കാം. ഇവനെക്കണ്ടാൽ നിൻെറ പോലീസ് പറപറക്കും. പിന്നെയാണ് പിടിക്കാൻ വരുന്നതു്:''

വാസുവിനു പുതിയൊരു യുക്തിതോന്നി:—

“നിൻെറ ചട്ടകത്തിന് ദിവസേന തീയ്യിൽ ചാടേണ്ടിവരില്ലേ?''

ബാലൻ ഇനി മിണ്ടില്ലെന്നാണവൻെറ വിചാരം. പക്ഷെ അവൻ ഉരുളക്കുപ്പേരി ഉടനെകൊടുത്തു.

“തീയ്യിൽ ചാടുന്നതു് ഉശിരന്മാരുടെ ലക്ഷണമാണടാ. നിങ്ങടെ ഈ വക്കീലും പോലീസുമെല്ലാം പെണ്ണുങ്ങളെപ്പോലെ അകത്തണിഞ്ഞൊരുങ്ങി നില്ക്കാനല്ലേ കൊള്ളുള്ളൂ. വലിയ വലിയ വീരന്മാർ ചെയ്യുന്ന പണിയാണെടാ തീയ്യിൽ ചാടൽ.''

“വക്കീലേമാൻ കസേരയിലാണല്ലോ ഇരിക്കുക. നിൻെറ ചട്ടകം അടുക്കളയിലെ വെറും നിലത്തും.''

ഈ വാദം രാഘവനും വാസുവിനും ഉശിരുകൂട്ടി. എത്ര കണക്കിനു കൊടുത്തു കുട്ടൻ! ചട്ടകത്തിന് അടുക്കളയ്ക്കകത്തങ്ങനെ തുരുമ്പു പിടിച്ചു കിടക്കാനല്ലാതെ പിന്നെയെന്തിനാണ് പററുക?

ബാലനു പെട്ടെന്നൊന്നും തോന്നിയില്ല. അവൻ വെറമ്പിടുത്തം പിടിക്കാനൊരുങ്ങി.

"എൻെറ ചട്ടകം അടുക്കളയിലല്ല കിടക്കുക. നിൻെറ പീറവക്കീല് കസേരയിൽ കയറുന്നതും നോക്കി കൊണ്ടിരിക്കും. കയറിയെന്നുകണ്ടാൽ ചെന്ന് കൊടുക്കും ഒരു തട്ട്. അയാശം താഴത്തു മലന്നടിച്ചു വീഴും. അയാളുടെ നിയമപുസ്തകങ്ങളെല്ലാം വായ പൊളിച്ചു വയററിൽ കുത്തിത്തിരുകും."

"പോടാ കടന്ന്. പീറവക്കീല് നിൻെറ അച്ഛനാ."

ബാലനു വല്ലാതെ അരിശം വന്നു. അവന് അവൻെറ അച്ഛനെ വിളിച്ചതിലാണു ദേഷ്യം സഹിക്കാൻ വയ്യാതായതു്. അവൻ വിരൽചൂണ്ടിപ്പറഞ്ഞു:-

"എട കൊല്ലൻെറ കുട്ടി! മര്യാദയ്ക്കു നടന്നോ! കണ്ണു് ഞാൻ ചൂന്നെടുക്കും."

പിന്നെയെന്തൊക്കെയാണിരുകൂട്ടരും പറഞ്ഞതെന്നു വിവരമില്ല. ബാലൻ വിട്ടുകൊടുത്തില്ല. അവൻെറ കയ്യിൽ ഇരുമ്പുകൊണ്ടുള്ള സിംഹം അലറുകയാണ്. അവനെന്തിനു പേടിക്കണം? മററുള്ളവരെല്ലാം ഓരോരുത്തരായി കീഴടങ്ങി. അവൻെറ ചട്ടകം മഹാ പരാക്രമിതന്നെ. ഇനി അതിനെപ്പററി വാസുവിനും രാഘവനും കുട്ടനും അപ്പുവിനും യാതൊരു വാദത്തിനും വഴിയില്ല.

ജയിച്ചവനു തോററവരിൽനിന്നു കിട്ടാവുള്ള സൽക്കാരമെല്ലാം ബാലനും കിട്ടി. ഓരോരുത്തരും രണ്ടും മൂന്നും അണ വീതം ചെലവഴിച്ചു, ബാലൻ മൂന്നേമൂന്നണകൊണ്ടു പേരടിച്ചു. പണമുണ്ടായാൽതന്നെ പോരാ, ചെലവഴിക്കാൻ കുറേശ്ശ വകതിരിവുകൂടി

വേണം. ഈ ബൊമ്മകളെല്ലാം തകൎന്നുപോകും. അതു പരമാൎത്ഥമല്ലേ? ബാലൻെറ ചട്ടകം എത്ര കാലമെങ്കിലും നിലനില്ക്കും.

സന്ധ്യയാവേണ്ട ഘട്ടത്തിലെത്തി. നിബന്ധനകൾ നിശ്ചയിച്ചുതുടങ്ങി. വാസു പറഞ്ഞു:—

"എടോ ചങ്ങാതി! തൻെറ ആ ചട്ടകമൊന്നിങ്ങു താടോ! ഒന്നു നോക്കട്ടെ. എൻെറ ചെത്തുകാരൻ വേണോ? ഇതാ പിടിച്ചോ."

ബാലനതെല്ലാം സമ്മതിക്കാനൊട്ടും മടിയില്ല. ചട്ടകം വഴിക്കുവഴി എല്ലാവരുടേയും കൈയിലെത്തി. വക്കീലും ചെത്തുകാരനുമെല്ലാം വഴിക്കുവഴി അവൻെറ കയ്യിലുമെത്തി. എന്തൊരു ഭംഗിയാണവയ്ക്കു്!

ബാലൻ തോററവരുടെ കണ്ണീർ തുടച്ചു:—

"ഞാൻ നിങ്ങളോടു കയൎത്തതെല്ലാം വെറുതെയാണ്കെട്ടോ. അമ്മയാണ് സത്യം. ഈ ഇരുമ്പിൻെറ തുണ്ടിനുണ്ടോ വക്കീലിൻെറ അടുത്തൊന്നു ചെല്ലാനൊക്കുന്നു?"

വാസുവിൻെറ പാട്ടിക്കിതുകൊണ്ടൊന്നും തൃപ്തിയായില്ല. അവൾക്ക് ആ ചട്ടകം വല്ലാതെ പിടിച്ചിരിക്കുന്നു.

വാസു:—"ഇതുംകൊണ്ടു വീട്ടിൽചെന്നാൽ നമ്മളോടാരും ഒരക്ഷരം മിണ്ടില്ലകെട്ടോ."

കുട്ടൻ:—"മിണ്ടേണ്ടിയിരുന്നില്ല. അടിക്കാഞ്ഞാൽ മതിയായിരുന്നു. അമ്മ തീൎച്ചയായും ചോദിക്കും, നിനക്കീമണ്ണാങ്കട്ടയാണല്ലേ പൂരത്തിനുപോയി കിട്ടിയതു്?"

അതു ശരിയാണ്. ബാലനതു ബോദ്ധ്യമാണ്. അവൻെറ മുത്തശ്ശികളുണ്ടാവുന്ന സന്തോഷമൊന്നും അവരു

ടെ അമ്മമാക്കുണ്ടാവില്ല. തീർച്ചതന്നെ. മൂന്നണ മാത്ര മായിരുന്നു അവന്റെ ചെലവാക്കാനുണ്ടായിരുന്ന മുതൽ. അതിങ്ങനെ ചെലവായതിൽ അവന്നു തീരെ പശ്ചാത്താപമില്ല. ചട്ടകം മഹാ പരാക്രമശാലിതന്നെ. എല്ലാം കളിപ്പാട്ടങ്ങളുടേയും ചക്രവത്തി.

വഴിക്കു കുട്ടനു വിശപ്പുതുടങ്ങി. ഒരു ചക്കരക്കാപ്പിക്കടയിൽ കയറി. ബാലനെ അവൻ കൂട്ടുകാരനാക്കി. മററ പേരെല്ലാം അകലത്തു മിഴിച്ചുനില്ക്കുകയാണ്. അതു ആ ചക്രവത്തിയുടെ പരാക്രമമല്ലെങ്കിൽ മറെറന്താണ്?

3

മണി പതിനൊന്നു കഴിഞ്ഞിരിക്കുന്നു. അമ്മമാരും മുത്തശ്ശിമാരും അവർ വരുന്നതു് ഇമവെട്ടാതെ നോക്കിക്കൊണ്ടിരിക്കയാണ്. വാസുവിന്റെ അമ്മ നേരത്തെ തന്നെ വെള്ളംകഴിച്ചു് നാക്കത്തെ ഉമിനീരുമിറക്കി ഉമ്മറത്തിരിപ്പാണ്. ജാനു അതുവരെ ഒരുതുണ്ടം ചക്കയേ തിന്നിട്ടുള്ളു. അവൾക്കു വിശക്കുന്നുണ്ട്. എങ്കിലും അവളും ചേട്ടനെക്കാത്തിരിപ്പാണ്. അവൾക്കു ചേട്ടൻ ഈത്തപ്പഴംകൊണ്ടുവരും. മുറുക്കും വടയുമൊന്നും അവൾക്കിഷ്ടമില്ല. അതിനൊന്നും ഒരു സ്വാദുമില്ല. വെറുതെ കടിച്ചു്കടിച്ചു് താടി കഴയ്ക്കാൻ മാത്രം. ചേട്ടൻ ഈത്തപ്പഴംതന്നെ കൊണ്ടുവരും. അവൾക്കു എല്ലാററിലുമിഷ്ടം അതാണ്. ബിസ്കററിനു സ്വാദൊക്കെയുണ്ട്. പക്ഷെ അതു പച്ചപപ്പടംപോലെ പല്ലിന്മേലൊട്ടും. ഈത്തപ്പഴം? അയ്യ! അതു തിന്നാൽ നാലു ദിവസ

ത്തേക്കു നാക്കിൻെറ തുമ്പത്തുനിന്നു മധുരം പോവില്ല. കുരു കപ്പയിൽകിടന്നു മുള ച്ചുവരും. അവഠ ചോദിച്ചു:

"അമ്മേ! ചേട്ടൻ വരേണ്ട നേരമായില്ലേ?"

"ആവോ? അവർനാട്ടുമുഴുവനും തെണ്ടിത്തിരിഞ്ഞു എന്നേക്കാണാവോ എത്തുക!"

ജാനു പടിക്കൽചെന്നു നില്പായി. അതാ ഒരു തിക്കുംതിരക്കും. ജാനു ചെവി വട്ടംപിടിച്ചു. അവളുടെ കണ്ണുകഠ വിടൎന്നു. അതേ, അവർതന്നെ. അവളുടെ ചേട്ടനുണ്ടവരുടെ മുമ്പിൽ. മുണ്ടു തലയിൽതന്നെ കെട്ടിയിരിക്കുന്നു. ചെമ്മണ്ണിൻെറ നിറം. അവളോടിച്ചെന്നു. എന്താണ് ചേട്ടൻെറ കയ്യിൽ! അവളതു തട്ടിപ്പറിച്ചു. സന്തോഷംകൊണ്ടവഠ തുള്ളിച്ചാടി. ചവിട്ടുകല്ലു തടഞ്ഞൊരു വീഴ്ച. ചെത്തുകാരൻ രണ്ടുതുണ്ടം. വാസുവിൻെറ എട്ടണ ചില്ലറയായി. അവനും ജാനുവും തമ്മിലടിപിടിയായി. അമ്മ ഓടിയെത്തി. വഴക്കു നിലച്ചില്ല. അവക്കു് പൊറുതി കെട്ടു. അവസാനം ഒരു ചുള്ളിയൊടിച്ച് രണ്ടുപേക്കും ഒരു ഈരണ്ട്.

അപ്പുവിൻെറ വക്കീലേമാനൻ ചെത്തുകാരനെപ്പോലൊന്നുമല്ല. കുറച്ചുന്തസ്സൊക്കെയുള്ള കൂട്ടത്തിലാണ്. ഈ പിള്ളരോടൊപ്പമൊന്നും അവിടന്നു കളിക്കാൻ നില്ക്കില്ല. കോടതിവിട്ടാൽ അവിടേക്കു കുറച്ചുനേരം വിശ്രമിക്കണം. ഗുമസ്തൻ അതുവരേയും എത്തിക്കഴിഞ്ഞിട്ടില്ല. ആരാണവിടേക്ക് അല്പംനേരമൊന്നു വീശിക്കൊടുക്കാൻ?

അവൻ ചുമരിന്മേൽ രണ്ടാണിതറച്ചു. അതിന്മേൽ ഒരു പലകത്തുണ്ടമെടുത്തുവെച്ചു. പലകമേൽ രണ്ടുമൂന്നു

നോട്ടീസ്സിൻെറ തുണ്ടമെടുത്തു ചുളിതീത്തു വിരിച്ചു. വക്കീലേമാനൻ ആ സിംഹാസനത്തിന്നു മുകളിൽ ഭോജരാജാവിനെപ്പോലെ ഞെളിഞ്ഞിരിപ്പായി. അവൻ ഒരു വിശറിയെടുത്തു വീശിത്തുടങ്ങി. ഈ ഇടുങ്ങിയ മുറികളിൽ അവിടേക്ക വീത്തു വിപ്പുമുട്ടുന്നുണ്ടാവും. റിക്കാർട്ടു നോക്കിനോക്കി തലയോട്ടു മുഴുവനുംപഴുത്തിട്ടുണ്ടാവും. വാദിച്ചു വാദിച്ച് കഴുത്തിലെ ഞരമ്പ് മുഴുവനും കഴയ്യുന്നുണ്ടാവും. അവൻ ഒരു വിശറികൂടി എടുത്തു. രണ്ടു കൈകൊണ്ടും വീശിത്തുടങ്ങി. കാററധികമായിട്ടോ, അതോ അതു മുട്ടിയിട്ടോ, അറിയില്ല; വക്കീലേമാൻ സ്വഗ്ഗലോകത്തുനിന്നു മനുഷ്യലോകത്തിലെത്തി മണ്ണടിഞ്ഞു. അവൻ ഉറക്കെ നിലവിളി തുടങ്ങി. കുറെ നേരം ആ തകൎന്ന ശരീരം അവനങ്ങനെ വളരെ കുണ്ഠിതപ്പെട്ടു നോക്കിക്കൊണ്ടുനിന്നു. കുറച്ചു കഴിഞ്ഞു. അവനാ എല്ലിൻ കൂടെടുത്തു കുപ്പയിലെറിഞ്ഞു കിടന്നുറങ്ങി.

പരമുവും ഉണ്ണിയും കുട്ടൻെറ അനുജന്മാരാണ്. അവർ ചേട്ടനെ പുലർച്ചമുതല്ലേ കാത്തിരിപ്പാണ്.

ഉണ്ണി കൊതിതുള്ളി ഇരിക്കുകയാണ്:—

"ഇൻെറ ഏത്തൻ ഇച്ച് പാപ്പകൊണ്ടു തരൂലോ?

അതേ. അവനതോർമ്മ വിട്ടിട്ടില്ല. കുട്ടൻ പോകുമ്പോഴം അവൻ കുറെ ശാഠ്യം പിടിച്ചു. കാലിന്മേൽ കെട്ടിപ്പിടിച്ചു. അവസാനം പാപ്പകൊണ്ടുവന്നു കൊടുക്കാമെന്നു വാഗ്ദത്തം ചെയ്യേണ്ടിവന്നു. എന്നിട്ടേ അവനു പോകാൻ പററിയുള്ളു. ഉണ്ണി പരമുവിൻെറ മുഖ്യനുള്ളിപ്പറഞ്ഞു:—

"ഇൻെറ ഏത്ത ഇച്ച് പാപ്പ തരൂലോ. ഉഞ്ഞേത്തനു തരൂല്യ."

പരമുവിന്നു വാസ്തവത്തിൽ പലഹാരത്തിനത്ര കൊതിയൊന്നുമില്ല. എന്തിനാണീ പലഹാരമെല്ലാം? നാക്കത്തുനിന്നിറങ്ങിയാൽ നാറാനുള്ളതു്. അതു കഴിഞ്ഞാൽപിന്നെ ഒന്നുമില്ല. എന്തിന് ആളുകളിത്രയധികം പണം ചെലവാക്കുന്നു? അതിന്നു രണ്ടു ബലൂൺ വാങ്ങിയാലെത്ര നന്ന്! രണ്ടു മുക്കാലല്ലേ ചെലവുള്ളു. സൂക്ഷിച്ചാൽ എത്ര ദിവസം നില്ക്കും! വഴുതനങ്ങ വേണോ, വഴുതനങ്ങ. മത്തങ്ങ വേണോ, മത്തങ്ങ. പച്ചുളിപ്പാമ്പുവേണോ, പച്ചുളിപ്പാമ്പ്. എന്തെല്ലാം തരത്തിലുണ്ട് അതു്! അവൻ ഒരു ബലൂൺ മാത്രമേ കൊണ്ടുവരുന്നതു കാത്തിട്ടുള്ളു. പക്ഷേ ഉണ്ണിയുടെ ഈ വാക്ക് അവനെ അരിശം കൊള്ളിച്ചു. അവൻ ഉണ്ണിയുടെ കവിളത്തൊരു പിച്ചുകൊടുത്തു പറഞ്ഞു:—

"തരില്ലെങ്കി വേണ്ടടാ. നെനക്കെന്താ ചേതം?"

ഉണ്ണിക്കു വേദനിച്ചു. അവൻ അമ്മയോടു പറഞ്ഞുകൊടുക്കാൻ പോകയാണ്. അപ്പോഴേക്കുമുണ്ട്, കുട്ടൻ പോലീസുകാരനുമായി പടികടക്കുന്നു. രണ്ടുപേരും ഓടിച്ചെന്നു. പോലീസുകാരനെക്കണ്ടതോടെ അവരുടെ പിണക്കമെല്ലാം തീൎന്നു. "പോലീസ്! പോലീസ്!" അവർ രണ്ടുപേരും അതു തൊട്ടുനോക്കി. എന്തൊരു മിനുസം. വാസനിച്ചുനോക്കി. എന്തൊരു വാസന! വാങ്ങി കയ്യിലെടുത്തു നോക്കി. അയ്യ! എന്തൊരു രസം!

അയാൾക്കു വീട്ടിലെ പാറാവാണ് ചാൎജ്ജ്. പക്ഷേ പോലീസുകാരൻ വെറും നിലത്തൊന്നുമങ്ങനെയിരിക്കില്ല. അയാൾക്കിരിക്കാൻ കസേരവേണം. ഒരു പൊളിഞ്ഞ അരിപ്പുമുറം കൊണ്ടുവന്നു. അതിൽ കുറച്ചു

കടലാസ്സു വിരിച്ചു. അയാളെ അതിൽ സുഖമായി ചാരിയിരുത്തി. പരമു അതു തലയിൽവെച്ച് അമ്മയുടെ അടുത്തേക്കു എഴുന്നെള്ളിച്ചു. ഉണ്ണി അവൻെറ പിന്നിൽ ആനക്കാരനായി നടക്കുന്നുണ്ട്.

"ഞെതത്തിയാനെ, ഞത്"

ഉണ്ണി ഒരു വടിയെടുത്തു് പരമുവിൻെറ കാലിന്മേൽ ഒരടി. അവൻ മുറം താഴത്തു വലിച്ചെറിഞ്ഞു് ഉണ്ണിയുടെ പിന്നാലെ ഓടി. പോലീസ് അയാളുടെ കസേരയിൽനിന്നു തോക്കും ചുമലിൽവെച്ച് ഒരു വീഴ്ച. കാര്യമായില്ല. ഒരു കാലൊടിഞ്ഞു. അത്രമാത്രം.

കുട്ടൻ കുറെ ലഹളകൂട്ടി. പക്ഷെ അവനങ്ങനെ നിന്നതുകൊണ്ടായില്ല. ചോരനില്ക്കുന്നതിന്നുമുമ്പ് മുറികൂട്ടിയാൽ ഒരു സമയം എല്ലുമുറികൂടി ശരിപ്പെട്ടേക്കും. അവൻ ഓടിച്ചെന്നു് കുറച്ചു് പൊടിനിപ്പുരകൊണ്ടുവന്നു. ഒരു ശീലച്ചുററി മുറികെട്ടി. ഒന്നു നിവത്തിനോക്കി. ഏച്ചുകൂട്ടിയ കാൽ മുറിഞ്ഞുവീണു. ഓപ്പറേഷൻകൊണ്ടൊന്നും ഫലമുണ്ടായില്ല. അവൻ മറേറക്കാലും മുറിച്ചുകളഞ്ഞു. കഷ്ടിച്ചിരിക്കാമെന്നായി. ഒററക്കാലനു ശരിക്കിരിക്കാനും നടക്കാനും കഴിയില്ല. രണ്ടുകാലും പോയപ്പോൾ പോലീസുകാരൻ ഇരുന്നിടത്തിരുന്നു തപസ്സുതുടങ്ങി. തലയിലെ തൊപ്പി കുറച്ചു ദിവസത്തിനുശേഷം ഉരച്ചുകളഞ്ഞു. തോക്കിൻെറ നാളം മുഴവനും പൊട്ടിപ്പോയി. അയാളെക്കൊണ്ടിനി എന്തുവേഷം വേണമെങ്കിലും കെട്ടിക്കാം. കയ്യ്കൂടി പൊട്ടിയപ്പോൾ ശരിക്കു ഒരു റാത്തലിൻെറ കട്ടിക്കു പാകമായി.

ബാലൻ പടികടന്നപ്പോൾ മുത്തശ്ശി അടുക്കളയിലാണ്. അവനെ പറഞ്ഞയച്ചുവെന്നേ ഉള്ളു. അതു മു

തല്ലു അവരുടെ ഉള്ളിൽ കാട്ടുതീ പാളിപ്പിടിച്ചിരി ക്കുന്നു. എത്ര അധികം ആനകൾ വരുന്ന പൂരമാണ്! ഒരൊററ കൊല്ലമെങ്കിലും ആനയോടിയെന്നു കേൾക്കാ തെ ഉണ്ടായിട്ടില്ല. എത്ര ആളുകളെയാണ് ചവിട്ടി ക്കൂട്ടാററ്! വല്ല അമിട്ടും തലയിൽവന്നു പൊട്ടിയാൽ ക ഴിഞ്ഞു! പിന്നെ ഞാനിരുന്നിട്ടെന്താ കാര്യം? അവൻെറ അമ്മ ഇന്നിരിപ്പുണ്ടെങ്കിൽ എനിക്കിതിനു ധൈര്യം വ രില്ല. അവളൊട്ടു കൂട്ടാക്കുകയുമില്ല. അവൻ പട്ടു വികൃ തിയാണ്. കൂട്ടുകാരുമായി അടികൂടാൻ ഒരു വിഷമവു മില്ല. നാലുപേരും കൂടിയാൽ അവനെയൊന്നെററാനി ല്ല. ഈശ്വരാ! അവൻ വന്നുകിട്ടിയാൽ മതിയായിരുന്നു.

അവർ കഞ്ഞി വേവുനോക്കി. പുളിഞ്ചകൊ ണ്ടൊരു ചമ്മന്തിയരച്ചിട്ടുണ്ട്. അതു മതി. ഉറക്കമൊ ഴിച്ച് വെയിലുംകൊണ്ടുവരുമ്പോൾ അതിനാവും സ്വാ ദ്. അതും കുടിച്ച് തല്ക്കാലമൊന്നു കിടന്നുറങ്ങട്ടെ. നാലു പഴുത്തമാങ്ങ വീണുകിട്ടിയിട്ടുണ്ട്. ഉണരുമ്പോ ഴേക്കും അതെടുത്തു കൊടുക്കാം.

ഒരു കാൽപ്പെരുപ്പം കേട്ടു. മുത്തശ്ശി ഓടി പുറത്തു വന്നു. ബാലൻ. അവർ വാരിയെടുത്തൊക്കത്തുവച്ചു. കയ്യിൽ ചട്ടകം കണ്ടതോടെ അവരൊന്നമ്പരന്നു.

"ഇതെവിടന്നേ മോനേ!"

"വാങ്ങിയതാ"

"എന്തു വിലക്ക്"

"മൂന്നണയ്ക്ക്"

മുത്തശ്ശിയുടെ ഹൃദയം തകർന്നു. ഇവനെന്തൊരു ക ഥയില്ലാത്ത ചെക്കനാണപ്പാ! നട്ടുച്ചയായി. ഒരു തൊ

ട്ടു വെള്ളമിറക്കിയിട്ടില്ല. വാങ്ങിയതോ, ഒരു ചട്ടകം. പൂരപ്പറമ്പിൽ ഇവൻ മറെറാരു സാധനവും വാങ്ങാൻ കണ്ടില്ലേ? ഈ ഇരുമ്പു ചട്ടകവും വാങ്ങിവരാൻ.

ബാലൻ എന്തോ ഒരു തെററുചെയ്തപോലെ അന്ധാളിച്ചുനിന്നു. അവൻ പറഞ്ഞു:—

"മുത്തശ്ശി ചട്ടകമില്ലാതെ വല്ലാതെ വിഷമിക്കാറില്ലേ? അതേ ഞാനിതു വാങ്ങിയത്."

അവരുടെ ദ്വേഷ്യം പെട്ടെന്നു സ്നേഹമായി മാറി. ആ സ്നേഹം മൂകവും മധുരവുമായിരുന്നു. അവൻെറ ത്യാഗബുദ്ധി കണ്ടില്ലേ? എന്തൊരു തൻേറടമാണ്! എന്തൊരു വകതിരിവാണ്! മററുകൂട്ടുകാരെല്ലാം കളിപ്പാവകളെത്ര വാങ്ങി കാശു കളഞ്ഞിരിക്കും! എന്തെല്ലാം വാങ്ങിത്തിന്നിരിക്കും! അതെല്ലാം ഇവൻ കണ്ടു കൊതിച്ചു നിന്നിരിക്കില്ലേ? ഇത്രയും ക്ഷമ ഇവനെവിടന്നുണ്ടായി? പൂരപ്പറമ്പിൽ നടക്കുമ്പോഴും ഇവനു മുത്തശ്ശിയെ ഓർമ്മയുണ്ടായല്ലോ. അവരുടെ ഹൃദയത്തിന്നു പിന്നെയൊന്നും തന്നെ കഴിഞ്ഞില്ല.

അതിനുശേഷമുണ്ടായതാണത്ഭുതം. ചട്ടകം വാങ്ങിയതിനേക്കാളുമത്ഭുതമാണത്. ബാലൻ മുത്തശ്ശിയായിച്ചമഞ്ഞു. മുത്തശ്ശി ഒരു കൊച്ചുകുട്ടിയുമായി. അവർ കരഞ്ഞുതുടങ്ങി. ബാലനെ ഇടയ്ക്കിടക്കവർ തലയിൽ കൈവെച്ചനുഗ്രഹിക്കുന്നു. കണ്ണുനീരിൻെറ കനത്ത തുള്ളികൾ അവരുടെ കവിളുകളിൽക്കൂടി ഉരുണ്ടുവീഴുന്നു. ബാലൻ മിഴിച്ചുനിന്നു. അവനുണ്ടോ ഇതിൻെറ രഹസ്യം വല്ലതുമറിയുന്നു!

A·1354

260044

A.1354

# പൂരം കാണാൻ

ഗ്രന്ഥകൎത്താ

ഭരതൻ, ഏരനല്ലൂർ.

A.1354

Indic Digital Archive Foundation
gpura.org